

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

ഇട്ടിവ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.എൽ.എം.പി3/2424/25

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 12/01/2026
ഇ-മെയിൽ:
doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇട്ടിവ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഇട്ടിവ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇട്ടിവ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.എൽ.എം.പി3/2424/25 തീയ്യതി: 12/01/2026

കൊല്ലം ജില്ലയിലെ ഇട്ടിവ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ഇട്ടിവ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 26 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 24-12-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.മണിലാൽ വി	ഡെപ്യൂട്ടി ഡയറക്ടർ	15-12-2025	26-12-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
15-12-2025	26-12-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. അജ്മൽ എ എസ്, ഓഡിറ്റ് ഓഫീസർ
ശ്രീ. രതീഷ്. കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.അഭിലാഷ് ബി, സീനിയർ ഗ്രേഡ് ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി. അമൃത സി.	പ്രസിഡന്റ്	01-04-2024	31-03-2025
ശ്രീമതി.ലീനാകുമാരി കെ.ജി	സെക്രട്ടറി	01-04-2024	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. തുളസീധരൻ നായർ ഡി.	അസിസ്റ്റന്റ് സെക്രട്ടറി	01-04-2024	31-03-2025
ശ്രീ. സാം ജോഷ്വ	അസിറ്റന്റ് എഞ്ചിനീയർ	01-04-2024	31-03-2025
ശ്രീമതി. സുമി	കൃഷി ഓഫീസർ	01-04-2024	31-03-2025
ഡോ.രാകേഷ്	മെഡിക്കൽ ഓഫീസർ, പി. എച്ച്.സി.	01-04-2024	31-03-2025
ഡോ.ദിവ്യ എസ്. ജെ.	മെഡിക്കൽ ഓഫീസർ, (ആയൂർവേദം)	01-04-2024	31-03-2025
ഡോ.ശ്രീജ എസ്. നായർ	മെഡിക്കൽ ഓഫീസർ,ഹോമിയോ	01-04-2024	31-03-2025
ശ്രീമതി. പാർവ്വതി	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2024	31-03-2025
ശ്രീമതി. ഉമാകുമാരി അമ്മ	ഹെഡ്മിസ്ട്രസ്സ്	01-04-2024	31-03-2025
ശ്രീമതി. വിധുബാൽ ചിത്ര. ഐ	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	01-04-2024	31-03-2025
ശ്രീ. സന്തോഷ് എം	വി.ഇ.ഒ. കോട്ടുക്കൽ സർക്കിൾ	01-04-2024	31-03-2025
ശ്രീ. ജോബ് ജി തോമസ്	വി.ഇ.ഒ. വയ്യാനം സർക്കിൾ	01-04-2024	31-03-2025
ശ്രീമതി.റീജാകുമാരി വി	അക്രഡിറ്റഡ് എഞ്ചിനീയർ, MGNREGS	01-04-2024	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സാക്ഷ്യപത്രം	1-1
2	കാഷ് ഫ്ലോ പത്രികയിൽ തുകകൾ പൊരുത്തപ്പെടുന്നില്ല	1-1-1
3	അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയില്ല	1-1-2
4	ഡെപ്പോസിറ്റ് തുക തിരികെ നൽകാനുള്ളത് വിവിധ ഷെഡ്യൂളുകളിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല	1-1-3
5	പാർട്ട് ബില്ലുകൾ പ്രകാരമുള്ള തുകകളും ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ആയി രേഖപ്പെടുത്തിയ തുകയും പൊരുത്തപ്പെടുന്നില്ല	1-1-4
6	അനിവാര്യ ഇനങ്ങളിൽ പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടില്ല.	1-1-5
7	B-16ലെ തുകയും B-5ലെ തുകയും പൊരുത്തപ്പെടുന്നില്ല	1-1-6
8	B18 ഷെഡ്യൂൾ പ്രകാരം വിവിധ നിർവ്വഹണ ഏജൻസികൾക്ക് അഡ്വാൻസ് ഇനത്തിൽ നൽകിയിട്ടുള്ള ചുവടെ ചേർത്തിട്ടുള്ള തുകകൾ ക്രമീകരിച്ചിട്ടില്ല.	1-1-7
9	വിവിധ ഇനങ്ങളിൽ കിട്ടാനുള്ള തുകകൾക്ക് പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടില്ല.	1-1-8
10	ട്രയൽ ബാലൻസ് നീക്കിയിരിപ്പും ബാലൻസ് ഷീറ്റിലെ നീക്കിയിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല	1-1-9
11	Other Liability നീക്കിയിരിപ്പ് തൻവർഷ B9 ലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.	1-1-10
12	AFS പ്രകാരമുള്ള ചെലവും ACR&സുലേഖ എന്നിവ പ്രകാരമുള്ള ചെലവും പൊരുത്തപ്പെടുന്നില്ല	1-1-11
13	CFC അൺ ടൈഡ് ട്രഷറി,CFC ടൈഡ് ട്രഷറി തുകകൾ ലാപ്സായി	1-1-12
14	MGNREGS ന്റെ EFMS വരവ് I-14(C)യിൽ പ്രത്യേകമായി ഉൾപ്പെടുത്തിയില്ല	1-1-13
15	ബഡ്ജറ്റ്	1-2
16	സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മന്റ് പ്രകാരം)	1-3
17	ഗ്രാന്റ് വിനിയോഗം	1-4
18	പദ്ധതി അവലോകനം	1-5
19	മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി	1-6
20	ക്യാഷ് പരിശോധന	1-7
21	ക്ഷേമ പദ്ധതികൾ	1-8
22	ആഭ്യന്തര നിയന്ത്രണം	1-9
23	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
24	വസ്തുനികുതി ഡിമാന്റ് പ്രകാരമുള്ള തുകകൾ പൂർണ്ണമായും ഈടാക്കിയില്ല.133264/-രൂപ കുടിശ്ശിക	1-11

	നിലനിൽക്കുന്നു	
25	പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ് ഇടാക്കിയില്ല.	1-12
26	മാർക്കറ്റ് ലേലം കുടിശ്ശിക തുക പൂർണ്ണമായും ഈടാക്കിയില്ല.	1-13
27	ഷോപ്പിംഗ് കോംപ്ലക്സ് വാടക ഡിമാന്റ് തുക പൂർണ്ണമായും പിരിച്ചെടുത്തില്ല.	1-14
28	മൊബൈൽ ടവറിന്റെ വസ്തുനികുതി കുടിശ്ശിക ഈടാക്കിയില്ല-128361/- രൂപ കുടിശ്ശിക .	1-15
29	വസ്തുനികുതിക്കൊപ്പം സേവന ഉപനികുതി ഈടാക്കിയില്ല	1-16
30	ഇ-ടെൻഡർ ഫോമിന്റെ വിലയിനത്തിൽ വരവ് വന്ന തുക തനത് ഫണ്ടിൽ ഒടുക്ക് വരുത്തിയില്ല.	1-17
31	പദ്ധതി രൂപീകരണ നിർവ്വഹണ മോണിറ്ററിംഗ് ചെലവുകൾ-പ്രത്യേക ഉത്തരവില്ലാതെ ഡേറ്റ എൻട്രിക്ക് തുക ചെലവഴിച്ചു.12750/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-18
32	ഗ്രന്ഥശാലകൾക്ക് ഫർണീച്ചർ വാങ്ങൽ പദ്ധതി -നിർവ്വഹണത്തിലെ അപാകതകൾ	1-19
33	സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രോജക്ടുകൾ-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല	1-20
34	പഞ്ചായത്ത് ജീപ്പിന്റെ ഇൻഷ്വറൻസ് കേരള സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പ് മുഖേന പുതുക്കിയില്ല.	1-21
35	സ്ട്രീറ്റ് ലൈറ്റ് വാങ്ങലും മെയിന്റനൻസും-ലേബർ ചാർജ് ഇനത്തിൽ അധികം തുക നൽകി.63050/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു .	1-22
36	എം സി എഫിൽ സ്ഥാപിച്ച കൺവെയർബൽറ്റ് പ്രവർത്തന രഹിതം.	1-23
37	പ്രതിഭാ സംഗമം-മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി നടപ്പാക്കി.	1-24
38	ലൈഫ് ഭവന പദ്ധതി- ആദ്യ ഗഡു കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവന നിർമ്മാണം ആരംഭിച്ചില്ല	1-25
39	അഡീഷണൽ പെർഫോമൻസ് ഗ്യാരണ്ടി- കാലാവധി പൂർത്തിയാക്കുന്നതിന് മുമ്പ് കരാറുകാർക്ക് തിരികെ നൽകുന്നു.	1-26
40	മിനറൽ ട്രാൻസിറ്റ് പാസ്- ചട്ടപ്രകാരമുള്ള തുടർനടപടി സ്വീകരിക്കുന്നില്ല.	1-27
41	ജൽജീവൻമിഷൻ അവലോകനം	1-28
42	ഹെൽത്ത് ഗ്രാന്റ് അവലോകനം	1-29
43	വടക്കേക്കോണം കൊലുവേൽ റോഡ് റീടാറിംഗ്-കരാർ വൈകിയതിനുള്ള പിഴ ഈടാക്കിയില്ല.	1-30
44	വിവിധ വാർഡുകളിൽ മിനി എംസിഎഫ് സ്ഥാപിക്കൽ – ടെണ്ടർ നടപടികളിൽ അപാകതകൾ	1-31

45	പി എച്ച് സി മെയിന്റനൻസ്-ക്ഷമതയുള്ള അധികാരസ്ഥാനം അംഗീകരിക്കാത്ത ടെണ്ടർ ഉപയോഗിച്ച് നിർവ്വഹണം നടത്തി .	1-32
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	മെഡിസെപ്പ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന	4-1
2	വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-2
3	സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-3
4	നിക്ഷേപപ്രവൃത്തിക്കു നൽകിയ തുകയുടെ വിവരങ്ങൾ	4-4
5	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-5
6	വായ്പ / വായ്പാ തിരിച്ചടവ്	4-6
7	സ്ഥിര നിക്ഷേപം	4-7
8	ഓഡിറ്റ് റിക്കവറി	4-8
9	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-9
10	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-10
11	ഓഡിറ്റ് പ്രത്യവലോകനം	4-11
12	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-12
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	അനുബന്ധ പത്രികകൾ	

ഭാഗം -1

പൊതു അവലോകനം

1-1 ഓഡിറ്റ് സാക്ഷ്യപത്രം

1. ഇട്ടിവ ഗ്രാമപഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും, പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 04.07.2025 ലെ 1(1) നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 19.07.2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ്, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/ സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും, അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ഇട്ടിവ ഗ്രാമപഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും, 31.03.2025 ലെ സാമ്പത്തിക നിലയുടെയും, സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : കൊല്ലം
തീയതി :12.01.2026

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

1-1-1 കാഷ് ഫ്ലോ പത്രികയിൽ തുകകൾ പൊരുത്തപ്പെടുന്നില്ല

വാർഷിക ധനകാര്യപത്രികയോടൊപ്പം ലഭ്യമാക്കിയിട്ടുള്ള കാഷ് ഫ്ലോ പത്രികയിലെ Net Increase In Cash And Cash Equivalence തുകയും (5963379/-) ഇതേ പത്രികയിലെ Net Cash Generated By Operating +Investing +Financing Activity തുകയും (51815054/-) പൊരുത്തപ്പെടുന്നില്ല.

1-1-2 അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയില്ല

2011-ലെ കേരള പഞ്ചായത്തീരാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 62(2), 62(2) എഫ് എന്നിവ പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ,അക്കൗണ്ട്സിൻമേലുള്ള കുറിപ്പുകൾ എന്നിവ ഹാജരാക്കിയിട്ടില്ല.

1-1-3 ഡെപ്പോസിറ്റ് തുക തിരികെ നൽകാനുള്ളത് വിവിധ ഷെഡ്യൂളുകളിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

മുൻ വർഷ B7 തുകയും(758608/-) തൻവർഷം വരവ് വന്ന ഡെപ്പോസിറ്റ് തുകയും(RP 33 Receipt-283476/-) തിരികെ നൽകിയ ഡെപ്പോസിറ്റ് തുകയും (RP 33 Payment-141230/-) തൻവർഷ B7 തകയുമായി (932778/-) പൊരുത്തപ്പെടുന്നില്ല.(758608+283476-141230=900854).31924/-രൂപയുടെ വ്യത്യാസം(932778-900854) നിലനിൽക്കുന്നു.

1-1-4 പാർട്ട് ബില്ലുകൾ പ്രകാരമുള്ള തുകകളും ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ആയി രേഖപ്പെടുത്തിയ തുകയും പൊരുത്തപ്പെടുന്നില്ല

B-11(B) ഷെഡ്യൂളിലെ ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ആയി രേഖപ്പെടുത്തിയിട്ടുള്ള തുക 15973841/-. എന്നാൽ തൻവർഷം നൽകിയ പാർട്ട് ബില്ലുകളുടെ ആകെ തുക 12163561/-രൂപയാണ്. ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-5 അനിവാര്യ ഇനങ്ങളിൽ പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടില്ല.

B-9 ഷെഡ്യൂളിൽ ജനപ്രധിനിധികൾക്കുള്ള ഹോണറേറിയം, സിറ്റിംഗ് ഫീസ്, കരാർ ജീവനക്കാരുടെ വേതനം തുടങ്ങിയ അനിവാര്യ ഇനങ്ങളിൽ പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടില്ല.

1-1-6 B-16ലെ തുകയും B-5ലെ തുകയും പൊരുത്തപ്പെടുന്നില്ല

Prepaid Programme Expense ഇനത്തിൽ B-16ൽ ഉൾപ്പെടുത്തിയിട്ടുള്ള തുകയും(52406732/-) Secured Loan ഇനത്തിൽ B-5ൽ ഉൾപ്പെടുത്തിയിട്ടുള്ള തുകയും(53149946/-) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-7 B18 ഷെഡ്യൾ പ്രകാരം വിവിധ നിർവ്വഹണ ഏജൻസികൾക്ക് അഡ്വാൻസ് ഇനത്തിൽ നൽകിയിട്ടുള്ള ചുവടെ ചേർത്തിട്ടുള്ള തുകകൾ ക്രമീകരിച്ചിട്ടില്ല.

നിർവ്വഹണ ഏജൻസി	അഡ്വാൻസ് നൽകിയ തുക
കേരള വാട്ടർ അതോറിറ്റി	1214273/-ടി തുകയിൽ 969965/-രൂപയുടെ UC ലഭ്യമാക്കുകയും 244308/-രൂപ തിരികെ അടവാക്കുകയും ചെയ്യ .
കേരള ഇലക്ട്രി സിറ്റി ബോർഡ്	298968/-ടി തുകയിൽ 125024/-രൂപ ക്രമീകരിച്ചിട്ടുണ്ട്.
കേരള ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്	3497364/- AFS പ്രകാരമുള്ള ടി തുകയിൽ 1972497/-രൂപയുടെ UC ലഭ്യമാക്കുകയും 1524867/-രൂപ തിരികെ അടവാക്കുകയും ചെയ്യ

1-1-8 വിവിധ ഇനങ്ങളിൽ കിട്ടാനുള്ള തുകകൾക്ക് പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടില്ല.

2011 ലെ കേരള പഞ്ചായത്തീരാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 58(4) എച്ച് പ്രകാരം വിവിധ ഇനങ്ങളിൽ കിട്ടാനുള്ള തുകകൾക്ക് B-15(A) യിൽ പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടില്ല.

1-1-9 ട്രയൽ ബാലൻസ് നീക്കിയിരിപ്പും ബാലൻസ് ഷീറ്റിലെ നീക്കിയിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല

Excess Of Income Over Expenditure (ഹെഡ് 310900101) ബാലൻസ്ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് 52542078/-രൂപയും ട്രയൽ ബാലൻസ് പ്രകാരമുള്ള നീക്കിയിരിപ്പ് 29785852/-രൂപയുമാണ്. വ്യത്യാസം 22756226/-രൂപ

1-1-10 Other Liability നീക്കിയിരിപ്പ് തൻവർഷ B9 ലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

Other Liability നീക്കിയിരിപ്പ് തൻവർഷ B9 ലെ തുകയുമായി പൊരുത്തപ്പെടുന്നില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

മുന്നിരിപ്പ്(B9 Previous)	2356275/-
വരവ്(RP35 Receipt Current)	1696082/-
ആകെ	4052357/-
ചെലവ് (RP35 Payment Current)	61250966/-
നീക്കിയിരിപ്പ്	-57198609/-
തൻവർഷ B9 പ്രകാരമുള്ള നീക്കിയിരിപ്പ്	2833710/-

1-1-11 AFS പ്രകാരമുള്ള ചെലവും ACR&സുലേഖ എന്നിവ പ്രകാരമുള്ള ചെലവും പൊരുത്തപ്പെടുന്നില്ല

ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ, റവന്യൂ ചെലവുകൾ എന്നീ ഇനങ്ങളിൽ തൻ വർഷം AFS പ്രകാരം ചുവടെ ചേർത്തിട്ടുള്ള ഫണ്ടുകളുടെ ചെലവ് സുലേഖ ചെലവ് പത്രിക, ACR എന്നിവ പ്രകാരമുള്ള ചെലവുമായി പൊരുത്തപ്പെടുന്നില്ല.

ഫണ്ടിനം	B-3+I-6	സുലേഖ ചെലവ് പത്രിക &ACR
ജനറൽ പർപ്പസ് ഫണ്ട്	25175001/-	11675592/-

1-1-12 CFC അൺ ടൈഡ് ട്രഷറി,CFC ടൈഡ് ട്രഷറി തുകകൾ ലാപ്സായി

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം CFC അൺ ടൈഡ് ട്രഷറി ഇനത്തിൽ വരവ് വന്ന 373322/-രൂപയും CFC ടൈഡ് ട്രഷറി ഇനത്തിൽ വരവ് വന്ന 2851819/-രൂപയും ചേർത്ത് ആകെ ട്രഷറി വരവ് 3225141/-രൂപയിൽചെലവഴിച്ച 1220809/-രൂപ കഴിച്ച് ബാക്കി 2004332/-രൂപ ലാപ്സായി.

1-1-13 MGNREGS ന്റെ EFMS വരവ് I-14(C)യിൽ പ്രത്യേകമായി ഉൾപ്പെടുത്തിയില്ല

MGNREGS ന്റെ EFMS വരവ് 91472000/-രൂപ തൻവർഷത്തെ I-14(C)ൽ പ്രത്യേകമായി ഉൾപ്പെടുത്തിയില്ല.

1-2 ബഡ്ജറ്റ്

13/02/2024 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 12/03/2025 തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

മുന്നിരിപ്പ്	72496782/-രൂപ
വരവ്	80851840/-രൂപ
ആകെ	153348622/-രൂപ
ചെലവ്	74888461/-രൂപ
നീക്കിയിരിപ്പ്	78460161/-രൂപ
വരവിനങ്ങളിലുള്ള നഷ്ടം	0
ചെലവിനങ്ങളിലുള്ള നഷ്ടം/നിരാകരിച്ച തുക	0
തടസ്സപ്പെടുത്തിയ തുക	545,800/-രൂപ

1-4 ഗ്രാന്റ് വിനിയോഗം

ഫണ്ടിനം	മുന്നിരിപ്പ് ₹	വരവ് ₹	ആകെ ₹	ചെലവ് ₹	നീക്കിയിരിപ്പ്/ ലാപ്സായ തുക ₹
വികസന ഫണ്ട്-ജനറൽ	0	3,91,62,947/-	3,91,62,947/-	3,21,33,864/-	70,29,083/-
വികസന ഫണ്ട്-എസ്.സി.പി	0	1,38,73,300/-	1,38,73,300/-	1,15,32,710/-	23,40,590/-
മെയിന്റനൻസ്, റോഡ്	0	2,81,25,002/-	2,81,25,002/-	2,00,24,856/-	81,00,146/-
മെയിന്റനൻസ്, നോൺ-റോഡ്	0	1,29,15,938/-	1,29,15,938/-	79,40,950/-	49,74,988/-

സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied-Bank)	1,10,60,903/-	1,20,78,000/-	2,31,38,903/-	50,96,731/-	1,80,42,172/-
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied-Bank)	27,34,272/-	59,95,022/-	87,29,294/-	47,27,930/-	3674610/-
കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക)					
ഐസിഡിഎസ്	32,15,187/-	42,14,983/-	74,30,170/-	13,06,739/-	6123440/-
ടിഎസ് സി -ODF	66000/-	0	66000/-	0	66,000
ടിഎസ് സി - PBIG	6,84,387/-	2,41,153/-	925540/-	2,41,153/-	6,84,387
എൻഎച്ച് എം (AYUSH)	5,00,000/-	12,08,731/-	17,08,731/-	16,00,030/-	1,08,701/-
ബഡ്സ് സ്കൂൾ ഗ്രാന്റ്	18,84,941/-	9,48,850/-	28,33,791/-	7,40,777/-	20,93,014/-
ഹെൽത്ത് ഗ്രാന്റ് -ഡയഗണോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ	1,63,938/-	4,72,849/-	6,36,787/-	1,41,653/-	4,95,134/-
ഹെൽത്ത് ഗ്രാന്റ് കൺവേർഷൻ -320100204	1,21,881/-	7,32,461/-	8,54,342/-	1,10,915/-	7,43,427/-
സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക)					
ലൈഫ് – സ്റ്റേറ്റ് ഷെയർ	35,76,570/-	24,00,000/-	59,76,570/-	48,68,000/-	11,08,570/-

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ (₹)	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ് (₹)	ഭാഗികമായി നടപ്പാക്കിയത്	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
258	22,77,02,143/-	150	11,71,79,482/-	49	59	58.1%

1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ് ₹	വരവ് ₹	ആകെ ₹	ചെലവ് ₹	നീക്കിയിരുപ്പ് ₹
ഭരണചെലവുകൾ	2937/-	18,66,822/-	18,69,759/-	18,69,717/-	42/-
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	91471381/-	91471381/-	91471381/-	0
ആകെ	2937/-	93338203/-	93341140/-	93341098/-	42/-

1-7 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.12.2025 3:15 PM- ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7318/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക (₹)
തൊഴിൽരഹിത വേതനം	4,320/-
കർഷകതൊഴിലാളി പെൻഷൻ	57,60,000/-

വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം	90,000/-
വാർദ്ധക്യകാല പെൻഷൻ	6,16,65,400/-
വികലാംഗ പെൻഷൻ	78,55,200/-
50 വയസ്സുകഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ	6,32,400/-
വിധവാപെൻഷൻ	2,82,12,900/-

1-9 ആഭ്യന്തര നിയന്ത്രണം

പൊതുജനങ്ങളിൽ നിന്നും അപേക്ഷകൾ സ്വീകരിക്കുന്നതിനും, പണമിടപാടുകൾ നടത്തുന്നതിനും അടിസ്ഥാന സൗകര്യങ്ങളോടു കൂടിയ ഫ്രണ്ട് ഓഫീസ് സംവിധാനം ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നുണ്ട്. പൊതുജനങ്ങൾക്ക് ഇരിപ്പിടം, കുടിവെള്ളം, ടോയ്‌ലറ്റ് സൗകര്യങ്ങൾ, പത്രമാസികകൾ, വിവിധ അപേക്ഷാ ഫോറങ്ങൾ തുടങ്ങിയ സംവിധാനങ്ങൾ ലഭ്യമാണ്. ഓൺലൈനായി അപേക്ഷ സമർപ്പിക്കുവാനും, മറ്റ് സേവനങ്ങൾക്കുമായി കുടുംബശ്രീ ഹെൽപ്പ് ഡസ്ക് സംവിധാനം ലഭ്യമാണ്. ക്യാഷ് പേയ്മെന്റ് സംവിധാനം കൂടാതെ ക്രഡിറ്റ് കാർഡ്/ഡെബിറ്റ് കാർഡ്, യുപിഐ (ഗൂഗിൾ പേ, ഫോൺപേ മുതലായവ) തുടങ്ങിയ ഡിജിറ്റൽ സംവിധാനങ്ങൾ ലഭ്യമാണ്. പൊതു ജനങ്ങൾക്ക് ഗ്രാമപഞ്ചായത്തിൽ നിന്നുള്ള സേവനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുന്നതിനും, സഹായിക്കുന്നതിനും സിറ്റിസൺ സർവ്വീസ് സെന്റർ പ്രവർത്തിക്കുന്നുണ്ട്. പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പഞ്ചായത്തിലെ വരവുകൾ ഐ.എൽ.ജി.എം.എസ് വഴിയാണ് സ്വീകരിക്കുന്നത്. ചെലവുകൾ അധികൃതമാക്കി വൗച്ചറുകൾ സൂക്ഷിച്ചിട്ടുണ്ട്. വിവിധ വിഭാഗം ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. ധന ഇടപാടുകളുടെ വിവിധ രേഖകൾ ജോലിവിഭജനരേഖ പ്രകാരം ജീവനക്കാർ പരിപാലിച്ചുവരുന്നുണ്ട്. നികുതി, നികുതിയേതര വരവിനങ്ങളിലെ തുകകൾ കൃത്യമായി നിർണ്ണയിക്കേണ്ടതും, ആയത് പൂർണ്ണമായും പിരിച്ചെടുക്കേണ്ടതുമാണ്. പരിഷ്കരിച്ച നിരക്കിലുള്ള വസ്തുനികുതി ഈടാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിന് ചട്ടങ്ങളിൽ പരാമർശിച്ചിട്ടുള്ള നടപടികൾ, പരിശോധനകൾ എന്നിവ ക്രമപ്രകാരം നടത്തുവാൻ ശ്രദ്ധിക്കണം. നിക്ഷേപ പ്രവൃത്തികൾക്കായി വിവിധ പ്രോജക്ടുകൾ പ്രകാരം നിർവ്വഹണ ഏജൻസികൾക്ക് അടവാക്കിയിട്ടുള്ള തുകകൾ ക്രമീകരിക്കുവാനുണ്ട്. ആരോഗ്യ മേഖലയിലെ വാങ്ങൽ പ്രക്രിയകൾ കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്. ഗ്രാമസഭാ യോഗങ്ങളിൽ ക്വോറം തികയുന്നുണ്ടെന്നും, ചട്ട പ്രകാരം കൃത്യമായി ഗ്രാമസഭകൾ കൂടുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിലും, മിനിട്സ് ഒപ്പ് രേഖപ്പെടുത്തി ആധികാരികമാക്കുന്നതിനും ജാഗ്രത പുലർത്തേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പുകൾ എല്ലാ വർഷവും കൂടി തീരുമാനങ്ങൾ എടുക്കുന്നതല്ലാതെ തുടർപ്രവർത്തനങ്ങളില്ല. ആസ്തികൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. പഞ്ചായത്തിൽ വിവിധ വാർഡുകളിൽ പുറമ്പോക്കായി സ്ഥലങ്ങളുണ്ട്. എന്നാൽ ഇവയുടെ വിവരങ്ങൾ സംബന്ധിച്ച രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. പദ്ധതി ആസൂത്രണ നിർവഹണ പ്രവർത്തനങ്ങൾ സമയബന്ധിതമായി ഫലപ്രാപ്തിയിലെത്തിക്കുന്നതിന് ഗ്രാമപഞ്ചായത്ത് അധികാരികൾ പ്രത്യേക ശ്രദ്ധ നൽകേണ്ടതാണ്. വിവിധ ഫണ്ടുകൾ വിനിയോഗിക്കുന്നതിന് പഞ്ചായത്ത് ഭരണസമിതിയും ഉദ്യോഗസ്ഥരും കൂടുതൽ ജാഗ്രത പുലർത്തേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	23-11-2022	7/2022 മുതൽ 9/2022 വരെ	03.01.2023
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	19.4.2017 മുതൽ 2.5.2017 വരെ	2012-13 മുതൽ 2016-17 വരെ	16.06.2017

1-11 വസ്തുനികുതി ഡിമാന്റ് പ്രകാരമുള്ള തുകകൾ പൂർണ്ണമായും ഈടാക്കിയില്ല.133264/-രൂപ കുടിശ്ശിക നിലനിൽക്കുന്നു

2024-25 വർഷത്തെ വസ്തുനികുതിയുടെ ഡിമാന്റ് പ്രകാരമുള്ള തുകകൾ പൂർണ്ണമായും ഈടാക്കിയില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

വരവിനം	ഡിമാന്റ്	കളക്ഷൻ	ബാലൻസ്
വസ്തുനികുതി റസിഡെൻഷ്യൽ ബിൽഡിംഗ്	3223696/-	3179661/-	44035/-

വസ്തുനികുതി നോൺ റെസിഡെൻഷ്യൽ ബിൽഡിംഗ്	1922100/-	1832871/-	89229/-
		ആകെ	133264/-

വസ്തുനികുതി ഡിമാന്റ് പൂർണ്ണമായും ഈടാക്കത്തത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിക്ക്, കുടിശ്ശിക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും തുക അടവാക്കുന്ന മുറയ്ക്ക് വിവരം അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കുടിശ്ശിക പിഴ പലിശ സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.
ഓഡിറ്റ് എൻകൃയറി നം.9/18.12.2025

1-12 പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ് ഇടാക്കിയില്ല.

1994 കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 232,233 എന്നീ വകുപ്പുകൾ പ്രകാരം പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ഉള്ള ലൈസൻസ് നിർബന്ധമായും എടുക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ 2024 -25 സാമ്പത്തിക വർഷത്തെ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ലൈസൻസ് പുതുക്കിയ രജിസ്റ്റർ പരിശോധിച്ചതിൽ 259 സ്ഥാപനങ്ങൾ മാത്രമേ ലൈസൻസ് പുതുക്കിയിട്ടുള്ളൂ. ഹരിതകർമ്മ സേനയുടെ ഹരിതമിത്രം ആപ്ലിക്കേഷൻ പ്രകാരം ഉള്ള രേഖകൾ പരിശോധിച്ചതിൽ പഞ്ചായത്തിന്റെ പരിധിയിൽ 331 ആകെയുണ്ട് ഷോപ്പുകൾ ഉള്ളതായി ബോധ്യപ്പെട്ടിട്ടുണ്ട്. അതായത് 24- 25 സാമ്പത്തിക വർഷത്തിൽ 72(331-259) സ്ഥാപനങ്ങൾ പഞ്ചായത്തിന്റെ പരിധിയിൽ ലൈസൻസ് ഇല്ലാതെ അനധികൃതമായി പ്രവർത്തിക്കുന്നതായി ഓഡിറ്റിൽ വിലയിരുത്തുന്നു. ഇതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിക്ക്, ലൈസൻസ് നൽകുവാൻ ബാക്കിയുള്ള സ്ഥാപനങ്ങൾക്ക് ആയത് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പഞ്ചായത്തിന്റെ പരിധിയിലുള്ള മുഴുവൻ സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകി വിവരം അറിയിക്കേണ്ടതാണ്.
ഓഡിറ്റ് എൻകൃയറി നം.21 /20.12.2025

1-13 മാർക്കറ്റ് ലേലം കുടിശ്ശിക തുക പൂർണ്ണമായും ഈടാക്കിയില്ല.

പഞ്ചായത്തിന്റെ പരിധിയിലുള്ള വിവിധ മാർക്കറ്റുകൾ ലേലം ചെയ്തു നൽകിയ ഇനത്തിൽ കുടിശ്ശികയായി പിരിഞ്ഞ് കിട്ടാനുള്ള തുക പൂർണ്ണമായും പിരിച്ചെടുത്തില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

ആകെ കുടിശ്ശിക ഡിമാന്റ്(B-15 Previous)	തൻവർഷ കളക്ഷൻ (RP45 Current)	ബാലൻസ്(B-15 Current)
18,41,025/-	49,753/-	17,91,272/-

മേൽ കുടിശ്ശിക തുക പിരിച്ചെടുക്കാത്തത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിക്ക്, കുടിശ്ശിക തുക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും കുടിശ്ശിക അടവാക്കുന്ന മുറയ്ക്ക് വിവരം അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നടപടികൾ ത്വരിത ഗതിയിലാക്കി കുടിശ്ശിക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.
ഓഡിറ്റ് എൻകൃയറി നമ്പർ 22/22.12.2025

1-14 ഷോപ്പിംഗ് കോംപ്ലക്സ് വാടക ഡിമാന്റ് തുക പൂർണ്ണമായും പിരിച്ചെടുത്തില്ല.

2024-25 സാമ്പത്തിക വർഷത്തെ ഷോപ്പിംഗ് കോംപ്ലക്സുകളുടെ ഡിമാന്റ് പ്രകാരമുള്ള വാടക തുകകൾ പൂർണ്ണമായും പിരിച്ചെടുത്തില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

	ഡിമാന്റ്	കളക്ഷൻ	ബാലൻസ്
തൻവർഷം	3,56,119/-	3,14,607/-	41,512/-

അരിയർ	2,18,049/-	63,096/-	1,54,953/-
ആകെ	5,74,168/-	3,77,703/-	1,96,465/-

ഡിമാന്റ് തുക പൂർണ്ണമായും പിരിച്ചെടുക്കാത്തത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിക്ക്, തദ്ദേശ സ്വയംഭരണ(ആർ സി) വകുപ്പിന്റെ 23.09.2025 ലെ ആർ.സി 2/420/2025 ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം കുടിശ്ശികയിൽ 119504/-രൂപ എഴുതിത്തള്ളിയതായും ശേഷിക്കുന്ന തുക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചുവരുന്നതായും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കുടിശ്ശിക തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.
ഓഡിറ്റ് എൻകൃയറി നമ്പർ 23/22.12.2025

1-15 മൊബൈൽ ടവറിന്റെ വസ്തുനികുതി കുടിശ്ശിക ഈടാക്കിയില്ല-128361/- രൂപ കുടിശ്ശിക .

പഞ്ചായത്തിന്റെ പരിധിയിലുള്ള ചുവടെ ചേർത്തിട്ടുള്ള മൊബൈൽ ടവറിന്റെ വസ്തുനികുതി കുടിശ്ശിക ഈടാക്കിയില്ല.

കെട്ടിട ഉടമയുടെ പേരും വിലാസവും	വാർഡ് നമ്പരും കെട്ടിട നമ്പരും	കുടിശ്ശിക വരുത്തിയ കാലയളവ്	പിഴ പലിശ ഉൾപ്പെടെ ആകെ നികുതി കുടിശ്ശിക
ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്, 8th ഫ്ലോർ, വങ്കാരത്ത് ടവർ, എൻ.എച്ച് ബൈപാസ്, പാലാരി വട്ടം	18/642	2019-20 ഒന്നാം അർദ്ധ വർഷം മുതൽ 2022-23 രണ്ടാം അർദ്ധ വർഷം വരെ	128361/-

മേൽ തുക നാളിതുവരെ ഈടാക്കാത്തത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിക്ക്, കുടിശ്ശിക തുക ഈടാക്കുന്നതിന് റവന്യൂവകുപ്പ് മുഖേന റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചുവരുന്നതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കുടിശ്ശിക തുക പലിശ സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.
ഓഡിറ്റ് എൻകൃയറി നം.13/18.12.2025

1-16 വസ്തുനികുതിക്കൊപ്പം സേവന ഉപനികുതി ഈടാക്കിയില്ല

കേരള പഞ്ചായത്ത് രാജ് നിയമം 200(2) പ്രകാരം ശുചിത്വ പരിപാലനം, കുടിവെള്ള വിതരണം, തെരുവ്വിളക്കും ഡ്രെയിനേജും എന്നിവയ്ക്ക് പഞ്ചായത്ത് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ കുറഞ്ഞ നിരക്കിന് വിധേയമായി പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 27 പ്രകാരം ശുചിത്വ പരിപാലനത്തിന് 4%, ജലവിതരണത്തിന് 3%, തെരുവ് വിളക്കുകൾക്ക് 2%, ഡ്രെയിനേജ് 1% എന്ന നിരക്കിൽ അടിസ്ഥാന വസ്തു നികുതിയുടെ മിനിമം 10% തുക സേവന ഉപനികുതിയായി ഈടാക്കാവുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ വസ്തു നികുതിക്കൊപ്പം ഇത്തരത്തിൽ സേവന ഉപനികുതി ഈടാക്കിയതായി കാണുന്നില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിക്ക്, പുതിയ ഭരണസമിതിയുടെ യോഗം ചേർന്ന് കമ്മിറ്റി തീരുമാനത്തിന് വിധേയമായി വസ്തുനികുതിക്കൊപ്പം സേവന ഉപനികുതി ഈടാക്കാൻ വ്യവസ്ഥ ചെയ്യുന്നതാണ്എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വസ്തു നികുതിക്കൊപ്പം ചട്ട പ്രകാരമുള്ള സേവന ഉപനികുതി ഈടാക്കുന്ന വിഷയം പഞ്ചായത്ത് ഭരണസമിതി പരിഗണിക്കേണ്ടതാണ്.
ഓഡിറ്റ് എൻകൃയറി നമ്പർ 10/19.12.2025

1-17 ഇ-ടെൻഡർ ഫോമിന്റെ വിലയിനത്തിൽ വരവ് വന്ന തുക തനത് ഫണ്ടിൽ ഒടുക്ക് വരുത്തിയില്ല.

ഇ- ടെൻഡർ ഫോമിന്റെ വിലയിനത്തിൽ 01.08.2022 മുതൽ 31.03.2025 വരെയുള്ള കാലയളവിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ 37706979669(SBI നിലമേൽ) എന്ന അക്കൗണ്ടിലേക്ക് വരവ് വന്ന 366720/- രൂപ നാളിതുവരെ

പഞ്ചായത്തിന്റെ തനത്ഫണ്ടിൽ ഒടുക്ക് വരുത്തിയിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ഇ- ടെൻഡർ ഫോമിന്റെ വിലയിനത്തിൽ വരവ് വന്ന മേൽ തുക തനത് ഫണ്ടിൽ ഒടുക്ക് വരുത്തി വിവരം അറിയിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നമ്പർ 30/23.12.2025

1-18 പദ്ധതി രൂപീകരണ നിർവ്വഹണ മോണിറ്ററിംഗ് ചെലവുകൾ-പ്രത്യേക ഉത്തരവില്ലാതെ ഡേറ്റ എൻട്രിക്ക് തുക ചെലവഴിച്ചു.12750/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നമ്പർ	15 /2025
പ്രോജക്ടിന്റെ പേര്	പദ്ധതി രൂപീകരണ നിർവ്വഹണ മോണിറ്ററിംഗ് ചെലവുകൾ
അടങ്കൽ	വികസന ഫണ്ട് ജനറൽ-300000 /- തനത് ഫണ്ട്-200000 /- ആകെ-500000/-
ചെലവ്	വികസനഫണ്ട് ജനറൽ-203376/- തനത് ഫണ്ട്-27750/- ആകെ-231126/-
നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി

ടി പ്രോജക്ടിൽ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്തിലെ 21 വാർഡിലേയും 2024-25 വർഷത്തെ ഗുണഭോക്തൃലിസ്റ്റ് ഡേറ്റ എൻടി നടത്തിയ ഇനത്തിൽ ശ്രീമതി സബിത സലിം എന്ന വ്യക്തിക്ക് 750/-രൂപ നിരക്കിൽ 17 ദിവസത്തേയ്ക്ക് 12750/-രൂപ നൽകിയിട്ടുണ്ട്(ACR ബിൽ നമ്പർ-451/29.01.2025 തുക-27750/-). സർക്കാരിന്റെ പ്രത്യേക ഉത്തരവില്ലാതെ ഇപ്രകാരം ചെലവ് നടത്തിയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, സമയ ബന്ധിതമായി ഗുണഭോക്തൃ പട്ടിക നൽകണമെന്ന് ജോയിന്റ് ഡയറക്ടറുടെ കർശന നിർദ്ദേശം ഉള്ളതിനാലും പ്രോജക്ട് അസിസ്റ്റന്റ് തസ്തിക ഒഴിഞ്ഞ് കിടന്നതിനാലുമാണ് ഇപ്രകാരം ഡേറ്റ എൻടി നടത്താൻ തുക ചെലവഴിച്ചത് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രത്യേക സർക്കാർ നിർദ്ദേശമില്ലാതെ നടത്തിയ മേൽ തുകയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. സർക്കാർ സാധൂകരണം വാങ്ങി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ 8/18.12.2025

തടസ്സം 12750/-രൂപ

1-19 ഗ്രന്ഥശാലകൾക്ക് ഫർണീച്ചർ വാങ്ങൽ പദ്ധതി -നിർവ്വഹണത്തിലെ അപാകതകൾ

പ്രോജക്ട് നമ്പർ	30/2025
പ്രോജക്ടിന്റെ പേര്	ഗ്രന്ഥശാലകൾക്ക് ഫർണീച്ചർ വാങ്ങൽ
നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
അടങ്കൽ	മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ്-267000/-
ചെലവ്	മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ്-266904/-
ACR ബിൽ നമ്പരും തീയതിയും	630/21.03.2025-266904/-

ടി പ്രോജക്ടിൽ ഉൾപ്പെടുത്തി പഞ്ചായത്തിന്റെ പരിധിയിലുള്ള 28 ഗ്രന്ഥശാലകൾക്ക് കസേരകൾ വാങ്ങി നൽകിയിട്ടുണ്ട്. എന്നാൽ ആനുകൂല്യം നൽകപ്പെട്ട മേൽ ഗ്രന്ഥശാലകൾ ഒന്നും തന്നെ 2024-25 വർഷത്തെ സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ അഫിലിയേഷൻ പുതുക്കിയിട്ടില്ല. കൂടാതെ ടി ഗ്രന്ഥശാലകൾക്ക് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ഇതേ ഇനത്തിൽ ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന് ഉറപ്പാക്കുന്നതിനുള്ള രേഖകളൊന്നും

ഫയലിൽ സൂക്ഷിച്ചിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ, ഇപ്രകാരമുള്ള പദ്ധതികൾ നടപ്പാക്കുമ്പോൾ കൂടുതൽ ജാഗ്രത പുലർത്തുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മതിയായ രേഖകൾ ലഭ്യമാക്കിയും അർഹത പരിശോധിച്ചും ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ 11/19.12.2025

1-20 സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രോജക്ടുകൾ-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ചുവടെ ചേർത്തിട്ടുള്ള പ്രോജക്ടുകൾ പ്രകാരം ചെലവഴിച്ച തുകകളുടെ വിനിയോഗ സാക്ഷ്യപത്രം നാളിതുവരെ ലഭ്യമാക്കിയിട്ടില്ല.

പ്രോജക്ട് നമ്പർ	പ്രോജക്ടിന്റെ പേര്	ഫണ്ടിനവും ചെലവ് തുകയും	തുക കൈപ്പറ്റിയ സ്ഥാപനം	ACRബിൽ നമ്പർ, തീയതി
50/25	ശ്രുതി തരംഗം	വികസനഫണ്ട് ജനറൽ, 200000/-	സ്റ്റേറ്റ് ഹെൽത്ത് ഏജൻസി	553/07.03.2025
271/25	മൊബൈൽ മാലിന്യ സംസ്കരണ യൂണിറ്റ്-ജില്ലാ പഞ്ചായത്ത് വിഹിതം നൽകൽ	കേന്ദ്രാവിഷ്കൃത ഫണ്ട്, 100000/-	കൊല്ലം ജില്ലാ പഞ്ചായത്ത്	670/26.03.2025
283/25	എ.ബി.സി പ്രോഗ്രാം-ജില്ലാ പഞ്ചായത്ത് വിഹിതം നൽകൽ	വികസന ഫണ്ട് ജനറൽ, 100000/-	കൊല്ലം ജില്ലാ പഞ്ചായത്ത്	555/ 07.03.2025

മേൽ പ്രോജക്ടുകൾ പ്രകാരം നൽകപ്പെട്ട തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറികൾക്കുള്ള മറുപടിയിൽ, ശ്രുതി തരംഗം, എ.ബി.സി പ്രോഗ്രാം എന്നിവയുടെ തുക വിനിയോഗിക്കുന്ന മുറയ്ക്ക് സാക്ഷ്യപത്രം നൽകുന്നതാണ് എന്ന ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ കത്തുകൾ ഹാജരാക്കിയിട്ടുണ്ട്. മറ്റ് പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് കത്ത് നൽകിയതായും വ്യക്തമാക്കിയിട്ടുണ്ട്. വിനിയോഗ വിവരം ലഭ്യമാകാത്ത സാഹചര്യത്തിൽ മേൽ പ്രോജക്ടുകൾ പ്രകാരമുള്ള 4,00,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.മേൽ പദ്ധതികൾക്കായി നൽകപ്പെട്ട തുകകൾ അതേ ആവശ്യങ്ങൾക്ക് തന്നെ വിനിയോഗിച്ചു എന്നത് സംബന്ധിച്ച സാക്ഷ്യപത്രം ഓഡിറ്റിന്റെ പരിശോധനയ്ക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. 12/20.12.2025, 14/20.12.2025
തടസ്സം 4,00,000/-രൂപ

1-21 പഞ്ചായത്ത് ജീപ്പിന്റെ ഇൻഷ്വറൻസ് കേരള സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പ് മുഖേന പുതുക്കിയില്ല.

ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള KL 24 Q8259 മഹേന്ദ്ര ബൊലേറോ ജീപ്പിന്റെ 2024-25 സാമ്പത്തിക വർഷത്തെ ഇൻഷ്വറൻസ് പുതുക്കുന്നതിനായി തനത് ഫണ്ടിൽ നിന്നും ₹17,599/- (ചെക്ക് നം. 895226/30.07.2024 ,വൗച്ചർ നം 22400306/തീയതി 30.07.2024) ചെലവഴിച്ചിട്ടുണ്ട്. ധനകാര്യ വകുപ്പിന്റെ 10.01.2024 ലെ നം.02/2024/Fin സർക്കുലർ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള വാഹനങ്ങളുടെ ഇൻഷ്വറൻസ് പോളിസികൾ കേരളാ സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പ് മുഖേനയാണ് പുതുക്കേണ്ടത്. എന്നാൽ നിലവിൽ ന്യൂ ഇൻഡ്യ അഷ്വറൻസ് കമ്പനി എന്ന സ്ഥാപനത്തിൽ നിന്നാണ് പോളിസി എടുത്തിട്ടുള്ളത്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ, പുതിയ സാമ്പത്തിക വർഷം മുതൽ പഞ്ചായത്ത് വാഹനത്തിന്റെ ഇൻഷ്വറൻസ് കേരള സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പ് മുഖേന പുതുക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. സർക്കാർ നിർദ്ദേശം പാലിച്ച് വാഹനങ്ങളുടെ ഇൻഷ്വറൻസ് പുതുക്കാൻ ശ്രദ്ധിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നമ്പർ 29/23.12.2025

1-22 സ്ട്രീറ്റ് ലൈറ്റ് വാങ്ങലും മെയിന്റനൻസും-ലേബർ ചാർജ് ഇനത്തിൽ അധികം തുക നൽകി.63050/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു .

പ്രോജക്ട് നമ്പർ	SO 233/25
പ്രോജക്ടിന്റെ പേര്	സ്ട്രീറ്റ് ലൈറ്റ് വാങ്ങലും മെയിന്റനൻസും
മുൻ പ്രോജക്ട് നമ്പർ	224/24

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
അടങ്കൽ	തനത് ഫണ്ട്-215000/-
ചെലവ്	തനത് ഫണ്ട്-215000/-
ACR ബിൽ നമ്പരും തുകയും	89/09.07.2024-93000/- 428/21.01.2025-122000/- ആകെ-215000/-

ടി പ്രോജക്ടിൽ ഉൾപ്പെടുത്തി പഞ്ചായത്തിലെ വിവിധ വാർഡുകളിലെ ഇലക്ട്രിക് പോസ്റ്റുകളിൽ ലൈറ്റുകൾ മെയിന്റനൻസ് നടത്തിയതിന് ലേബർ ചാർജ് ഇനത്തിൽ ശ്രീ നാസർ, വാസ്തുശാസ്ത്ര ബിൽഡേഴ്സ്&ഡെവലപ്പേഴ്സ് എന്ന വ്യക്തിക്ക് മേൽ ബില്ലുകൾ പ്രകാരം 215000/-രൂപ നൽകിയിട്ടുണ്ട്. വിവിധ വാർഡുകളിലെ മെമ്പർമാരുടെ സാക്ഷ്യപത്ര പ്രകാരം 2026 പോസ്റ്റുകളിൽ മെയിന്റനൻസ് നടത്തിയിട്ടുണ്ട്. ഒരു പോസ്റ്റിന് 128/-രൂപ നിരക്കിൽ ഫണ്ടിന്റെ ലഭ്യത അനുസരിച്ചാണ് മേൽ തുക നൽകിയത്. പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015 ലെ ജി2-44274/2015 നമ്പർ ഉത്തരവ് പ്രകാരം അടാട്ട് മാതൃക അവലംബിച്ച് തെരുവ് വിളക്കുകളുടെ മെയിന്റനൻസ് നടത്തുമ്പോൾ ഇലക്ട്രീഷ്യന് നൽകാവുന്ന പരമാവധി ലേബർ ചാർജ് പോസ്റ്റ് ഒന്നിന് 75/-രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. ആയത് പ്രകാരം മേൽ 2026 പോസ്റ്റുകൾക്ക് ലേബർചാർജ് ഇനത്തിൽ അനുവദിക്കാവുന്ന പരമാവധി തുക 151950/-(2026X75)രൂപയാണ്. ഈ ഇനത്തിൽ 63050/-(215000-151950)രൂപ അധികം നൽകിയിട്ടുണ്ട്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക്, വാഹനസൗകര്യം കുറഞ്ഞതും വിസ്തൃതി കൂടുതലുള്ളതുമായ പഞ്ചായത്തിലെ വിവിധ വാർഡുകളിലെത്തി സ്ട്രീറ്റ് ലൈറ്റുകൾ അറ്റകുറ്റ പണി നടത്തുന്നതിന് വാഹനവാടകയിനത്തിൽ തന്നെ കൂടുതൽ തുക ചെലവാകുമെന്നതിനാൽ 75/-രൂപ നിരക്കിൽ പ്രവൃത്തി നടത്താൻ ആരും തയ്യാറായില്ല എന്നും കുറഞ്ഞ ക്വട്ടേഷൻ തുകയായ 128/-രൂപ അംഗീകരിച്ചുവെന്നും മറുപടി ലഭ്യമാക്കി. വ്യക്തമായ സർക്കുലർ നിർദ്ദേശം നിലനിൽക്കേ ലേബർ ചാർജ് ഇനത്തിൽ അധികം ചെലവഴിച്ച 63050/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. സർക്കാർ സാധൂകരണം വാങ്ങി തടസ്സം ഒഴിവാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പ്രദേശത്തെ മുഴുവൻ തെരുവ് വിളക്കുകളുടേയും വിവരങ്ങൾ പോസ്റ്റ് നമ്പർ ഉൾപ്പെടെ രേഖപ്പെടുത്തിയ രജിസ്റ്ററും കേടായ സാധനങ്ങൾ തിരികെ കൊണ്ടുവന്ന് രേഖപ്പെടുത്തുന്നതിന് രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററും പരിപാലിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. 15/19.12.2025, 19/20.12.2025
തടസ്സം 63050/-രൂപ

1-23 എം സി എഫിൽ സ്ഥാപിച്ച കൺവെയർബൽറ്റ് പ്രവർത്തന രഹിതം.

പ്രോജക്ട് നമ്പർ	226/25
പ്രോജക്ടിന്റെ പേര്	കൺവെയർ ബെൽറ്റ് സ്ഥാപിക്കൽ
അടങ്കൽ	ധനകാര്യ കമ്മീഷൻ ഗ്രാന്റ്(ടൈഡ്)-790000/- കേന്ദ്രാവിഷ്കൃത ഫണ്ട്-550000/- ആകെ-1340000/-
ചെലവ്	ധനകാര്യ കമ്മീഷൻ ഗ്രാന്റ്(ടൈഡ്)-790000/- കേന്ദ്രാവിഷ്കൃത ഫണ്ട്-510000/- ആകെ-1300000/-
ACR ബിൽ നമ്പരും തുകയും	562/10.03.2025-790000/- 671/26.03.2025-510000/- ആകെ-1300000/-
ഇൻവോയ്സ് നമ്പർ	HHG-2024/25-A015 തീയതി -01.03.2025

പഞ്ചായത്തിലെ തുടയന്നൂർ വാർഡിലെ കാട്ടാമ്പള്ളിയിലും ഇട്ടിവ വാർഡിലെ വയ്യാനത്തും പ്രവർത്തിക്കുന്ന MCF-കളിൽ മേൽ പ്രോജക്ട് പ്രകാരം കൺവെയർ ബെൽറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ഹാപ്പി ഹാൻസ് ഗ്ലോബൽ, 485-A, ശ്രീശൈലം, നടക്കാവ്, പതിയൂർ, ആലപ്പുഴ എന്ന സ്ഥാപനത്തിൽ നിന്നും GeM പോർട്ടൽ മുഖേനയാണ് കൺവെയർ ബെൽറ്റ് വാങ്ങി സ്ഥാപിച്ചത്. കൺവെയർ ബെൽറ്റിന്റെ പ്രവർത്തനം വിലയിരുത്തുന്നതിനായി 19.12.2025-ൽ കാട്ടാമ്പള്ളിയിലും 20.12.2025-ൽ വയ്യാനത്തും സ്ഥല പരിശോധന നടത്തിയതിൽ കാട്ടാമ്പള്ളിയിൽ സ്ഥാപിച്ചിട്ടുള്ള കൺവെയർ ബെൽറ്റിന്റെ പ്രവർത്തനം പൂർണ്ണമായും നിലച്ചിരിക്കുന്നതായി ബോദ്ധ്യപ്പെട്ടു.ഹരിത കർമ്മ സേനാംഗങ്ങൾ ശേഖരിക്കുന്ന പ്ലാസ്റ്റിക്കുകൾ വേർതിരിക്കാൻ കഴിയാത്ത സാഹചര്യമാണ് നിലവിൽ പ്രസ്തുത MCF ൽ സംജാതമായിട്ടുള്ളത്. 2024-25 സാമ്പത്തിക വർഷത്തിൽ മാർച്ച്

മാസത്തിൽ 650000/-രൂപ ചെലവിൽ സ്ഥാപിച്ച കൺവെയർ ബെൽറ്റ് ഇത്ര വേഗം ഉപയോഗശൂന്യമായത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, മേൽ സ്ഥാപനവുമായി കരാർ ഉള്ളതിനാലും വാറന്റി കാലയളവ് കഴിഞ്ഞിട്ടില്ലാത്തതിനാലും വിവരം സ്ഥാപനത്തെ അറിയിച്ചപ്പോൾത്തന്നെ ബന്ധപ്പെട്ട ജീവനക്കാർ എത്തിയെന്നും തകരാർ പരിഹരിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച് വരികയാണെന്നും മറുപടിയിൽ വിശദീകരിച്ചിട്ടുണ്ട്. എത്രയും വേഗം തകരാർ പരിഹരിച്ച് കൺവെയർബെൽറ്റ് ഹരിതകർമ്മസേനയ്ക്ക് ഉപയോഗക്ഷമമാക്കി വിവരം അറിയിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നമ്പർ 20/22.12.2025

1-24 പ്രതിഭാ സംഗമം-മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി നടപ്പാക്കി.

പ്രോജക്ട് നമ്പർ	8/2024-25
പ്രോജക്ടിന്റെ പേര്	പ്രതിഭാ സംഗമം
നിർവ്വഹണ ഉദ്യോഗസ്ഥ	ഹെഡ്മാസ്റ്റർ, ഗവ. യു.പി സ്കൂൾ, ചരിപറമ്പ്
അടങ്കൽ	വികസന ഫണ്ട്- പൊതു വിഭാഗം സാധാരണ വിഹിതം – 70,000/-
ചെലവ്	വികസന ഫണ്ട്- പൊതു വിഭാഗം സാധാരണ വിഹിതം – 70,000/-
ബിൽ നമ്പർ	24040652007300808325 തീയതി 22.10.2024

ഇട്ടിവ ഗ്രാമപഞ്ചായത്ത് 2024-25 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ, ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥയായ പ്രോജക്ട്നമ്പർ 8/2024-25-പ്രതിഭാ സംഗമം നടത്തിപ്പിലെ അപാകത ചൂവടെ ചേർക്കുന്നു.
പ്രതിഭാ സംഗമം പ്രോജക്ടിന് വകയിരുത്തി ചെലവ് ചെയ്തിട്ടുള്ളത് വികസന ഫണ്ട് (പൊതു വിഭാഗം) ആണ്. പതിനാലാം പഞ്ചവത്സര പദ്ധതി വാർഷിക പദ്ധതികൾ തയ്യാറാക്കൽ സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച മാർഗ്ഗരേഖ സ.ഉ(കൈ)നം.115/2022/തസ്വഭവ തീയതി 28/05/2022 ഖണ്ഡിക 7.4 വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കാവുന്ന പദ്ധതികളിലും ഖണ്ഡിക 7.7 കലാ സാംസ്കാരിക കായിക മേഖലയിൽ നടപ്പാക്കാവുന്ന പദ്ധതികളിലും ഇപ്രകാരം ഒരു പദ്ധതി ഉൾപ്പെടുത്തിയിട്ടില്ല. പദ്ധതി മാർഗരേഖയിലില്ലാതെ വികസന ഫണ്ട് (പൊതു വിഭാഗം) ഉപയോഗിച്ച് പദ്ധതി നടപ്പാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, പദ്ധതി പഞ്ചായത്ത് കമ്മിറ്റിയുടെ 29. 7. 2024 ലെ 1 (2) തീരുമാന പ്രകാരം അംഗീകരിച്ചിട്ടുള്ളതും ടി തീരുമാനവും പദ്ധതിയും ഡി പി സി അംഗീകരിച്ച് വെറ്റിംഗ് ചെയ്തിട്ടുള്ളതുമാണെന്നും പദ്ധതി അംഗീകാര സമയത്തോ വെറ്റിംഗ് സമയത്തോ വികസനഫണ്ട് ഉപയോഗിച്ച് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ പാടില്ലെന്ന് നിർവ്വഹണ ഉദ്യോഗസ്ഥയെ അറിയിച്ചിട്ടില്ലെന്നും ആയതിനാലാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത് എന്നും നിർവ്വഹണോദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. എന്നാൽ മാർഗരേഖയിലില്ലാത്ത പദ്ധതി നടപ്പിലാക്കിയതിനെ ഈ മറുപടി സാധൂകരിക്കാത്തതിനാൽ മറുപടി അംഗീകരിക്കുന്നില്ല. ആയതിനാൽ സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതിക്ക് വേണ്ടി വികസന ഫണ്ട് വകയിരുത്തി ചെലവ് ചെയ്ത 70,000/-രൂപ തടസ്സപ്പെടുത്തുന്നു.
ഓഡിറ്റ് എൻക്വയറി നം.17/19.12.2025

1-25 ലൈഫ് ഭവന പദ്ധതി- ആദ്യ ഗഡു കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവന നിർമ്മാണം ആരംഭിച്ചില്ല

ലൈഫ് ഭവനപദ്ധതി പ്രകാരം ആദ്യ ഗഡു കൈപ്പറ്റിയ ചൂവടെ ചേർക്കുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല. വിശദാംശം ചൂവടെചേർക്കുന്നു.

ക്രമ നം.	പ്രോജക്ട് നമ്പർ	ഗുണഭോക്താവ്	കൈപ്പറ്റിയ തുക (₹), ചെക്ക് നമ്പർ/തീയതി
1	113/24-ലൈഫ് സമ്പൂർണ ഭവന പദ്ധതി എസ്.സി	ശ്രീമതി ഭാർഗ്ഗവി ,കരിക്കത്തിൽ നെടുപുറം,വാർഡ്-5	40,000/-, ബിൽ നം.- 325/12-1-24
2	140/25-ലൈഫ് സമ്പൂർണ ഭവന പദ്ധതി എസ്.സി	ശ്രീമതി ഗോമതി, പണയിൽ പുത്തൻ വീട്, കോട്ടുക്കൽ	40,000/-, ബിൽ നം.-24040652011101116908/01.01.2025

മേൽ പരാമർശിച്ച ഗുണഭോക്താക്കൾ ഭവന നിർമ്മാണം ആരംഭിച്ച് പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം അനുവദിച്ച തുക നിയമപ്രകാരമുള്ള നടപടികളിലൂടെ പലിശ സഹിതം ഈടാക്കേണ്ടതാണ്. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ 27/22.12.2025

1-26 അഡീഷണൽ പെർഫോമൻസ് ഗ്യാരണ്ടി- കാലാവധി പൂർത്തിയാക്കുന്നതിന് മുമ്പ് കരാറുകാർക്ക് തിരികെ നൽകുന്നു.

പൊതുമരാമത്ത് പ്രവൃത്തി ഏറ്റെടുത്ത് നടത്തുന്ന കരാറുകാർ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 10 മുതൽ 25 ശതമാനം വരെ കറവ് കോട്ട് ചെയ്യുന്ന ടെണ്ടറുകളിൽ നിന്നും അഡീഷണൽ പെർഫോമൻസ് ഗ്യാരണ്ടി ഈടാക്കണം എന്ന് മാന്വലിലും, എൽ.ഒ.എ ലും നിഷ്കർഷിച്ചിട്ടുണ്ട്. ന്യായമായ ഗുണനിലവാരം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ ഈടാക്കുന്ന അധിക സുരക്ഷാ നിക്ഷേപമാണ് അഡീഷണൽ പെർഫോമൻസ് ഗ്യാരണ്ടി. പ്രവൃത്തി പൂർത്തിയാക്കിയ തീയതി മുതൽ ഇരുപത്തെട്ട് ദിവസം വരെയാണ് അഡീഷണൽ പെർഫോമൻസ് ഗ്യാരണ്ടിയുടെ കാലയളവ്. ഇത് ലെറ്റർ ഓഫ് അക്സപ്റ്റൻസിൽ താഴെ പറയും പ്രകാരം 3(A)&3(B) വ്യവസ്ഥയായി ഉൾപ്പെടുത്തിയിട്ടുണ്ട്.

3(A) At Least 50% Performance Guarantee Shall Be In The Form Of Treasuary Fixed Deposit In The Name Of Agreement Authority For A Period Not Less Than 28 Days After The Completion Of The Work.

3(B)Balance Additional Performance Guarantee Shall Be In The Form Of Bank Guarantee. Bank Guarantee Is To Be Submitted In The Format Prescribed By The Employer In The Bid Document.Bank Guarantee Shall Be Unconditional And It Shall Be From Any Nationalized ,Scheduled Bank, Kerala Financial Corporation, District Cooperative Banks, Primary Cooperative Banks, Urban Cooperative Banks Or Any Other Forms Prescribed In The Revised PWD Manual And Shall Be Valid Till 28 Days After The Completion Of The Work, In Approved Format.The Bank Guarantee On Installment Basis Or With Lesser Period Validity Shall Not Be Accepted.

ഈ കാലയളവ് കഴിയുന്നതിന് മുമ്പായി ഗ്യാരണ്ടികൾ കരാറുകാർക്ക് തിരികെ നൽകുവാൻ പാടില്ല. എന്നാൽ താഴെ പറയുന്ന പ്രവൃത്തികൾക്ക് പ്രസ്തുത വ്യവസ്ഥ പാലിക്കാതെ പെർഫോമൻസ് ഗ്യാരണ്ടികൾ തിരികെ നൽകിയിട്ടുണ്ട്.

വിശദാംശങ്ങൾചുവടെ ചേർക്കുന്നു.

കരാറുകാരൻ ശ്രീമതി പ്രസന്നകുമാരി

ക്രമ നമ്പർ	പ്രോജക്ട് പേര്/ നം	പ്രവൃത്തി പൂർത്തിയാക്കിയ തീയതി	സർട്ടിഫിക്കറ്റ് നം / തുക/ തിരികെ നൽകിയ തീയതി	റിമാർക്സ്സ്തം
1	വെളുന്തറ കോവൂർ റോഡ് 141/25	26-12-2024	JL0626807; 35300/- 24-12-2024	പ്രവൃത്തി പൂർത്തിയാക്കുന്നതിന് മുമ്പ് തിരികെ നൽകി
2	പുതുവൽ കാമ്പിക്കോണം 139/25	20-12-2024	JL0606806; 34900/- 24-12-2024	പ്രവൃത്തി പൂർത്തിയാക്കി വെറും മൂന്ന് ദിവസം കഴിഞ്ഞ് തിരികെ നൽകി
3	ആലുംമുക്ക് വാഴോട് 131/25	20-12-2024	JL0626805; 28700/- 24-12-2024	പ്രവൃത്തി പൂർത്തിയാക്കി വെറും മൂന്ന് ദിവസം കഴിഞ്ഞ് തിരികെ നൽകി
4	ഇട്ടിവ ഐരൂർ കൈതപ്പച്ച റോഡ് 149/25	31-12-2024	JL0606799; 32300/- 24-12-2024	പ്രവൃത്തി പൂർത്തിയാക്കുന്നതിന് മുമ്പ് തിരികെ നൽകി

കരാറുകാർ ശ്രീ.റജീബ.എൻ, ശ്രീ വിജയകുമാർ.പി.വി

ക്രമ നമ്പർ	പ്രോജക്ട് പേര്/ നം	പ്രവൃത്തി പൂർത്തിയാക്കിയ തിയതി	സർട്ടിഫിക്കറ്റ് നം / തുക/ തിരികെ നൽകിയ തിയതി	റിമാർക്സ്
1	കാംപികോണം ലക്ഷം വീട് കോളനി റോഡ് 243/25	2-03-25	JL0626900; 31000/- 7-3-2025	പ്രവൃത്തി പൂർത്തിയാക്കി വെറും 04 ദിവസം കഴിഞ്ഞ് തിരികെ നൽകി
2	പോതിയാരുവിള കവിത റോഡ് 239/25	21-3-25	JL0626845; 33100/- 17-3-2025	പ്രവൃത്തി പൂർത്തിയാക്കുന്നതിന് മുമ്പ് തിരികെ നൽകി
3	തമ്പുരാൻമുക്ക് ഏലാ റോഡ്248/25	11-3-25	JL0626847; 15500/- 17-3-2025	പ്രവൃത്തി പൂർത്തിയാക്കി വെറും 05 ദിവസം കഴിഞ്ഞ് തിരികെ നൽകി
4	നെടുംപുറം ചാരക്കോട്ട് റോഡ് 151/25	11-3-25	JL0626844; 33100/- 17-3-2025	പ്രവൃത്തി പൂർത്തിയാക്കി വെറും 05 ദിവസം കഴിഞ്ഞ് തിരികെ നൽകി

കാലാവധി കഴിയുന്നതിന് മുമ്പ് അഡീഷണൽ പെർഫോമൻസ് ഗ്യാരണ്ടി കരാറുകാർക്ക് തിരികെ നൽകിയിട്ടുള്ളത് ലെറ്റർ ഓഫ് അക്സപ്റ്റൻസിന്റെയും മാന്വലിന്റെയും ലംഘനമാണ്. അഡീഷണൽ പെർഫോമൻസ് ഗ്യാരണ്ടികൾ തിരികെ നൽകിയിട്ടുള്ള പ്രവൃത്തികൾക്ക് അധിക സുരക്ഷാ നിക്ഷേപം ഉറപ്പുവരുത്തിയിട്ടില്ല. അപാകത കമ്മിറ്റിയുടെയും LID & EW മേലധികാരികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.
ഓഡിറ്റ് എൻക്വയറി നം 25 /21-12-25

1-27 മിനറൽ ട്രാൻസിറ്റ് പാസ്- ചട്ടപ്രകാരമുള്ള തുടർനടപടി സ്വീകരിക്കുന്നില്ല.

കേരള മൈനർ മിനറൽ കൺസഷൻ ഭേദഗതി ചട്ടങ്ങൾ 2023 (31/03/2023 ലെ സ.ഉ (അച്ചടി) നം.38/2023/ ഐഡി(എ) പ്രകാരമുള്ള ഭേദഗതി) ചട്ടം 14 (4) പ്രകാരം 278.7 M^2 (3000 ച. അടി)-ൽ താഴെ കെട്ടിട വിസ്തീർണ്ണമുള്ള കെട്ടിടനിർമ്മാണത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നും പെർമിറ്റ് ലഭിച്ച വ്യക്തിക്ക് നിർമ്മാണത്തിന്റെ ഭാഗമായി സൈറ്റിൽ നിന്നും മണ്ണ് നീക്കം ചെയ്യേണ്ട സാഹചര്യത്തിൽ നീക്കം ചെയ്യുവാൻ അനുമതി നൽകിയ മണ്ണിന്റെ അളവ് പ്രകാരമുള്ള റോയൽറ്റി പെർമിറ്റ് ഉടമ ട്രഷറിയിൽ ഒടുക്ക് വരുത്തി ചെലാൻ ഹാജരാക്കുന്ന മുറയ്ക്ക് Form S ലെ മൂവ്മെന്റ് പെർമിറ്റും, Form O(A) ലെ മിനറൽ ട്രാൻസിറ്റ് പാസ്സും അനുവദിക്കുന്നതിനുള്ള അധികാരം തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിയിൽ നിക്ഷിപ്തമാണ്. ഇപ്രകാരം മിനറൽ ട്രാൻസിറ്റ് പാസ്സ് ലഭിച്ച ഉടമ മിനറൽ ട്രാൻസിറ്റ് പെർമിറ്റ് ലഭിച്ച് ഒരു വർഷത്തിനുള്ളിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിന്റെ ബേസ്മെന്റ് നിർമ്മിച്ചില്ലെങ്കിൽ കേരള മൈനർ മിനറൽ കൺസഷൻ ചട്ടം 14(7) പ്രകാരം റോയൽറ്റി ഫീസിന്റെ അഞ്ചിരട്ടി പിഴയായി ഒടുക്കണം.

മിനറൽ ട്രാൻസിറ്റ് പാസുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ പാസ്സ് അനുവദിച്ച ചുവടെ സൂചിപ്പിക്കുന്ന അപേക്ഷകർ മണ്ണ് എടുത്തതിന്റെയോ നിർമ്മാണം നടത്തിയതിന്റെയോ നിലവിലെ സ്ഥിതി വിവരം ലഭ്യമാക്കിയിട്ടില്ല.

ക്രമ നമ്പർ	പാസ് നൽകപ്പെട്ട വ്യക്തിയുടെ പേര്	പെർമിറ്റ് നമ്പർ	മണ്ണിന്റെ അളവ്(മെട്രിക് ടൺ)
1	ശ്രീ. മധുസൂദനൻ നായർ	3675/2023 8-6-2023	911
2	ശ്രീ അഖിൽ എം	4496/23 9-8-2023	1244.88
3	ശ്രീ സുന്ദരൻ ആർ	5000/23 15-9-23	206.36
4	ശ്രീ അനൂപ് എസ്	6849/23 16-12-2023	2463

5	ശ്രീ അശോകൻ പിള്ള	6743/23 16-12-2023	228
6	ശ്രീ ശ്രീദർശ്	6672/23 12-12-2023	878.2
7	ശ്രീ സുനിൽ കുമാർ ആർ	6744/23 16-12-2023	373.78
8	ശ്രീ ഉണ്ണി	1462/24 12-02-24	817.44
9	ശ്രീ രാജു വർഗ്ഗീസ്	1749/24 28-2-24	1183.924

പ്രസ്തുത അപേക്ഷകരുടെ കെട്ടിട നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി, പെർമിറ്റുകളുമായി ബന്ധപ്പെട്ട് പിഴ ഈടാക്കിയിട്ടുണ്ടെങ്കിൽ അതിന്റെ വിവരങ്ങൾ എന്നിവ സംബന്ധിച്ച് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്. പിഴ ഈടാക്കിയിട്ടില്ലെങ്കിൽ അതിന്റെ കാരണവും രേഖാമൂലം ലഭ്യമാക്കേണ്ടതാണ്.

1-28 ജൽജീവൻമിഷൻ അവലോകനം

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സാങ്കേതിക സഹായത്തോടുകൂടി ജനപങ്കാളിത്തം ഉറപ്പാക്കികൊണ്ട് 2024 ആകുമ്പോഴേക്കും ഇന്ത്യയിലെ എല്ലാ ഗ്രാമീണ ഭവനങ്ങളിലും ശുദ്ധമായ കുടിവെള്ളം ആവശ്യാനുസരണം പ്രവർത്തനക്ഷമമായ ടാപ്പിലൂടെ ലഭ്യമാക്കുക എന്നുള്ള ദൗത്യമാണ് ജൽജീവൻ മിഷന്റേത്. ഈ പദ്ധതിക്ക് ആവശ്യമായ സാമ്പത്തിക സംവിധാനം 50% കേന്ദ്ര സർക്കാരും 25% സംസ്ഥാന സർക്കാരം 15% തദ്ദേശ സർക്കാരും (ഗ്രാമ പഞ്ചായത്ത്) 10% ഗുണഭോക്താവും എന്ന നിലയിലാണ് ആവിഷ്കരിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്തുകളിൽ ജൽജീവൻ മിഷൻ നടപ്പിലാക്കിയ പദ്ധതിയിൽ കുടിവെള്ളം വീട്ടുമുറ്റത്ത് എത്തിക്കുന്നതിനുള്ള സാങ്കേതിക സഹായം നൽകിയത് നിർവ്വഹണ ഏജൻസിയായ കേരള വാട്ടർ അതോറിറ്റി ആണ്. ജൽജീവൻ മിഷൻ പദ്ധതിക്കായി ഗ്രാമപഞ്ചായത്ത് വിഹിതം , ഗുണഭോക്തൃ വിഹിതം എന്നിവ കൈമാറിയിട്ടില്ല. എം.എൽ.എ ഫണ്ടിൽ നിന്നും ജൽജീവൻമിഷനായി തുകയൊന്നും ലഭിച്ചിട്ടില്ല. റോഡ് കട്ടിംഗ് റീസ്റ്റോറേഷൻ ചാർജ്ജിനത്തിൽ 26.01.2023 തീയതിയിലെ GO(Rt) 897/2023/WRD നം. സർക്കാർ ഉത്തരവ് പ്രകാരം 1072.70 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമായി. അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 21 വാർഡുകൾക്കും പദ്ധതി ഏറ്റെടുത്തിട്ടുണ്ട്.

1-29 ഹെൽത്ത് ഗ്രാന്റ് അവലോകനം

പതിനഞ്ചാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം സംസ്ഥാനങ്ങളുടെ പ്രാഥമിക ആരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് 2021-22 സാമ്പത്തിക വർഷം മുതൽ ഹെൽത്ത് ഗ്രാന്റ് അനുവദിച്ചുവരുന്നു. 2025-2026 കാലയളവ് വരെയാണ് ഇപ്രകാരം ഹെൽത്ത് ഗ്രാന്റ് അനുവദിക്കുന്നത്.

ഇട്ടിവ ഗ്രാമപഞ്ചായത്തിന് 2021-22, 2022-23, 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിലായി ലഭിച്ചതും ചെലവഴിച്ചതുമായ ഹെൽത്ത് ഗ്രാന്റിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമനം	ഇനം	ലഭിച്ച ഹെൽത്ത് ഗ്രാന്റ്				ആകെ	ചെലവഴിച്ച ഹെൽത്ത് ഗ്രാന്റ്₹				ആകെ	ബാലൻസ്
		2021-22	2022-23	2023-24	2024-25		2021-22	2022-23	2023-24	2024-25		
1	Support For Diagnostic Infrastructure	0	297866	1140438	472849	1911153	0	137000	1137366	141653	1416019	495134
2	Construction Of Building To Health Sub Centres	0	0	0	0	0	0	0	0	0	0	0
3	Grant For Rural Health & Wellness Centres	0	162834	466132	732461	1361427	0	19050	488035	110915	618000	743427
	ആകെ	0	460700	1606570	1205310	3272580	0	156050	1625401	252568	2034019	1238561

Support For Diagnostic Infrastructure എന്ന ഇനത്തിൽ ലഭിച്ച ഗ്രാന്റ് ഉപയോഗിച്ച് നാളിതു വരെ ചെലവഴിച്ച പ്രവർത്തനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	ഇനം	ചെലവഴിച്ച തുക₹				ആകെ
		2021-22	2022-23	2023-24	2024-25	
1	ഉപകേന്ദ്രങ്ങളിലും കുടുംബാരോഗ്യ കേന്ദ്രങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ	0	94000	651658	13812	759470
2	ഉപകേന്ദ്രങ്ങളിൽ 14 തരം ടെസ്റ്റുകളും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ 64 തരം ടെസ്റ്റുകളും ഏർപ്പെടുത്തുക	0	0	0	0	0
3	ഉപകരണങ്ങൾ, കിറ്റുകൾ, റീജന്റ് എന്നിവ വാങ്ങുന്നതിനും ഇവ സൂക്ഷിക്കുന്നതിനുമുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തുക	0	43000	485708	127841	656549
4	ഉപകരണങ്ങളുടെ മെയിന്റനൻസ്	0	0	0	0	0
5	ലാബ് ടെക്നീഷ്യൻ, ഫീൽഡ് സ്റ്റാഫ് എന്നിവർക്ക് പരിശീലനം	0	0	0	0	0
6	ലാബ് ഇല്ലാത്ത സ്ഥാപനങ്ങളിൽ പുതിയ ലാബ് ആരംഭിക്കൽ	0	0	0	0	0
	ആകെ	0	137000	1137366	141653	1416019

Grant For Rural Health & Wellness Centres എന്ന ഇനത്തിൽ ലഭിച്ച ഗ്രാന്റുപയോഗിച്ച് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	ഇനം	ചെലവഴിച്ച തുക₹				ആകെ₹
		2021-2022	2022-2023	2023-2024	2024-25	
1	പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ.	0	0	89580	0	89580
2	ഇന്റർനെറ്റ് ചാർജ്	0	0	0	0	0
3	ബോധവൽക്കരണ ക്ലാസ്സുകൾ	0	0	0	22000	22000
4	ജീവനക്കാർക്കും ആശാ വർക്കേഴ്സിനും ആരോഗ്യ പ്രവർത്തകർക്കും പരിശീലനം	0	0	0	14550	14550
5	ദൈനംദിന പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങളും സാമഗ്രികളും വാങ്ങുക	0	19050	398455	74365	491870
	ആകെ	0	19050	488035	110915	618000

2021-2026 കാലയളവിലേയ്ക്കാണ് ഹെൽത്ത് ഗ്രാന്റ് അനുവദിക്കുന്നത്. അതാത് വർഷം അനുവദിക്കുന്ന ഹെൽത്ത് ഗ്രാന്റ് ഫലപ്രദമായി പൂർണ്ണമായും വിനിയോഗിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്. ടി വിഷയത്തിൽ ആരോഗ്യ, വിദ്യാഭ്യാസ സ്ഥിരം സമിതിയുടേയും, പഞ്ചായത്ത് കമ്മിറ്റിയുടെയും അടിയന്തിര ശ്രദ്ധ ഉണ്ടാകേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നമ്പർ 03/15.12.2025

1-30 വടക്കേക്കോണം കൊല്ലുവേൽ റോഡ് റീടാറിംഗ്-കരാർ വൈകിയതിനുള്ള പിഴ ഈടാക്കിയില്ല.

വടക്കേക്കോണം കൊല്ലുവേൽ റോഡ് റീടാറിംഗ് പ്രവർത്തിയുടെ (43/24-25) അംഗീകരിച്ച ടെണ്ടർ കരാറുകാരൻ ശ്രീ ബി സജികുമാറിന്റേതാണ്. കരാറുകാരന് 24/ 12/ 2024 ന് എൽ ഒ ഇഷ്യൂ ചെയ്തിട്ടുള്ളതാണ് . സെലക്ഷൻ നോട്ടീസ് നൽകി 14 ദിവസത്തിനുള്ളിൽ പിഴ ഇല്ലാതെയും തുടർന്ന് വരുന്ന 10 ദിവസത്തിനുള്ളിൽ APAC യുടെ 1% പിഴയോടുകൂടിയും കരാർ ചമയ്ക്കേണ്ടതാണ്. എന്നാൽ കരാറുകാരൻ 14 ദിവസത്തിനുള്ളിൽ കരാർ വച്ചിട്ടില്ല(കരാർ നമ്പർ 33/ AE/LID &EW/ITVA/24-25 തീയതി 22-01-2025). ആയതിനാൽ ഇദ്ദേഹത്തിൽ നിന്നും അംഗീകരിച്ച പി.എ.സി ആയ 556208/-രൂപയുടെ 1% നിരക്കിൽ 5562/-രൂപ പിഴ ഈടാക്കേണ്ടിയിരുന്നു. പിഴ ഈടാക്കാതെയാണ് നിർവ്വഹണ നടപടികളിലേക്ക് കടന്നിട്ടുള്ളത്. അപാകത ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. കരാറുകാരനിൽ നിന്ന് 5562/-രൂപ പിഴ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം 24/21-12-2025

1-31 വിവിധ വാർഡുകളിൽ മിനി എംസിഎഫ് സ്ഥാപിക്കൽ – ടെണ്ടർ നടപടികളിൽ അപാകതകൾ

പ്രോജക്ട് നമ്പർ 252/24- 25.
അടങ്കൽ: 560000/-
ഫണ്ടിനം: സി എഫ് സി (ടൈഡ്)

2024-25 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട വിവിധ വാർഡുകളിൽ മിനി എംസിഎഫ് സ്ഥാപിക്കൽ എന്ന പദ്ധതിക്ക് ടെൻഡർ നോട്ടീസ് നമ്പർ Tr 03/24 -25/AE / LID& EW /ITTIVA; 15/ 11 /2024 പ്രകാരം ലഭിച്ച നാല് ടെണ്ടറുകളിൽനിന്നും 17.76% കുറവ് കോട്ട് ചെയ്ത ശ്രീ കുര്യൻ എന്ന കരാറുകാരന്റെ ടെണ്ടർ പഞ്ചായത്ത് കമ്മിറ്റിയുടെ 25 11 2024-ലെ 1 (1) ലെ തീരുമാനപ്രകാരം അംഗീകരിച്ചു. തുടർന്ന് സെലക്ഷൻ നോട്ടീസ് ഉൾപ്പെടെയുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിന് പ്രസ്തുത യോഗം നിർവഹണ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയെങ്കിലും നടപടികൾ സ്വീകരിക്കാതെ പ്രസ്തുത പ്രവൃത്തി റീടെണ്ടർ ചെയ്തു.
ഈ പ്രവൃത്തിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ഓഡിറ്റ് കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു:-
1) കരാറുകാരൻ ശ്രീ.കുര്യനിൽ നിന്നും ഇ.എം.ഡി 11856/-ഇടാക്കിയിട്ടില്ല.
2) ഇ.എം.ഡി ഒടുക്കുവരുത്തുവാൻ കരാറുകാരന് അറിയിപ്പ് നൽകിയിട്ടില്ല.
3) 25 11 2024 ലെ 1 (1) തീരുമാനപ്രകാരം കരാറുകാരന് സെലക്ഷൻ നോട്ടീസ് നൽകി തുടർനടപടി സ്വീകരിക്കുന്നതിന് യോഗം നിർവ്വഹണ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയെങ്കിലും ഇപ്രകാരം ചുമതല നിർവഹിച്ചിട്ടില്ല.
4) ഈ പ്രവൃത്തി നോട്ടീസ് നം Tr No 5 /24-25 / AE / LID& EW / Ittiva തിയതി 24-01-25 പ്രകാരം റീടെണ്ടർ ചെയ്തപ്പോൾ ലഭിച്ച രണ്ട് ടെൻഡറുകളിൽ നിന്നും കുറവ് ക്വാട്ട് ചെയ്ത കരാറുകാരൻ ശ്രീ രാധാകൃഷ്ണൻ.ബി യുടെ ടെൻഡർ (12.5% Below) അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ആദ്യ ടെൻഡർ പ്രകാരം 17.76% ശതമാനം കുറവ് ക്വോട്ട് ചെയ്ത ശ്രീ കുര്യന്റെ ടെൻഡർ നിരസിച്ചതിന്റെ രേഖകൾ, കമ്മിറ്റി തീരുമാനങ്ങൾ, കത്തുകൾ എന്നിവ ഹാജരാക്കിയിട്ടില്ല.
5) കരാറുകാരൻ ശ്രീ രാധാകൃഷ്ണൻ.ബി നിയമാനുസൃത കാലയളവിനുള്ളിൽ കരാർ ചമച്ചിട്ടില്ല. പ്രവൃത്തിയുടെ ഫയലും എഗ്രിമെൻറ് രജിസ്റ്ററും പരിശോധിച്ചതിൽ കരാറുകാരൻ കരാർ ചമച്ചിട്ടുള്ളത് 3 /10 /2025-ൽ മാത്രമാണ്(കരാർ നമ്പർ : 45/AE/LID &EW /ITVA/25-26; 03-10-2025)

അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല.
മേൽ സൂചിപ്പിച്ച അപാകതകൾ കമ്മിറ്റിയുടെയും, LID&EW മേലധികാരികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു. പദ്ധതി നിർവ്വഹണത്തിൽ മേൽ സൂചിപ്പിച്ച അപാകതകൾ ഉണ്ടാകാതിരിക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ കൂടുതൽ ജാഗ്രത പുലർത്തേണ്ടതായിരുന്നു. അപാകതകൾക്കുള്ള വിശദീകരണം നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം 26/21-12-2025

1-32 പി എച്ച് സി മെയിന്റനൻസ്-ക്ഷമതയുള്ള അധികാരസ്ഥാനം അംഗീകരിക്കാത്ത ടെണ്ടർ ഉപയോഗിച്ച് നിർവ്വഹണം നടത്തി .

ഇട്ടിവ ഗ്രാമപഞ്ചായത്ത് പി എച്ച് സി മെയിന്റനൻസ് (നം.232/23-24) എന്ന പ്രോജക്ടിന് ടെണ്ടർ നോട്ടീസ് നം.06/23-24/AE/LID & EW /ITTIVA :തീയതി
22-01-24 പ്രകാരം ലഭിച്ച ടെണ്ടറുകളിൽ കുറവ് തുക ക്വോട്ട് ചെയ്തിട്ടുള്ള കരാറുകാരൻ ശ്രീ അബ്ദുൽ ഹാഷിമിന്റെ ടെൻഡർ ജനറൽ കമ്മിറ്റി അംഗീകരിച്ചിട്ടില്ല. കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ 1997 ചട്ടം 10 (11) പ്രകാരം എസ്റ്റിമേറ്റിന് ചട്ടപ്രകാരം ഭരണാനുമതി നൽകിയ അധികാരസ്ഥാനം തന്നെയാണ് ഏത് ടെൻഡർ സ്വീകരിക്കണമെന്ന് തീരുമാനിക്കുന്നതിന് ക്ഷമതയുള്ള അധികാരസ്ഥാനം.

ടെൻഡറുകൾ തുറന്ന തീയതി മുതൽ 10 ദിവസത്തിനകം അവയിൽ തീരുമാനമെടുക്കേണ്ടതുമാണ്. എന്നാൽ തുടർന്നുവന്ന പഞ്ചായത്ത് കമ്മിറ്റികളിലും ഈ പദ്ധതിയുടെ ലോവസ്റ്റ് ടെണ്ടർ യോഗം ചർച്ച ചെയ്ത് അംഗീകരിച്ചിട്ടില്ല. ശ്രീ അബ്ദുൽ ഹാഷിമിന്റെ ടെന്ററിന് അംഗീകാരം ലഭിക്കാതെയാണ് 5/2/2024-ൽ ലെറ്റർ ഓഫ് അക്സപ്റ്റൻസ് പുറപ്പെടുവിച്ചിട്ടുള്ളതും 6/2/2024- ൽ കരാർ ചമച്ചതും. ഇട്ടിവ ഗ്രാമപഞ്ചായത്ത് പി എച്ച് സി മെയിന്റനൻസ് പ്രവൃത്തിയുടെ ഇ-എംബുക്ക് നം.6787/24 പ്രകാരം നിർമ്മാണ പ്രവൃത്തികൾ 24 /2/24 ൽ ആരംഭിച്ച് 19-6-2025 ൽ പൂർത്തിയാക്കിയിട്ടുണ്ട്(ഫൈനൽ ബിൽ 27/6/2025 ലെ ബിൽ നമ്പർ BRN 25040652007100260903; തുക 497744/-). ടെണ്ടറിന് അംഗീകാരം ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്താതെ തുടർനടപടി സ്വീകരിച്ചത് നിർവ്വഹണോദ്യോഗസ്ഥന്റെ വീഴ്ചയാണ്. അപാകത ചൂണ്ടിക്കാണിച്ച് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം 18/21-12-2025

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 മെഡിസെപ്പ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന

1. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയതുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
2024 ഏപ്രിൽ-17	17X500=8500	8500	0	
2024 മേയ്-17	17X500=8500	8500		
2024ജൂൺ-17	17X500=8500	8500		
2024ജൂലൈ-17	17X500=8500	8500		
2024ആഗസ്റ്റ്-17	17X500=8500	8500		
2024സെപ്റ്റംബർ -17	17X500=8500	8500		
2024ഒക്ടോബർ-17	17X500=8500	8500		
2024നവംബർ -18	18X500=9000	9000		
2024ഡിസംബർ -17	17X500=8500	8500		
2025 ജനുവരി-17	17X500=8500	8500		
2025ഫെബ്രുവരി-17	17X500=8500	8500		
2025മാർച്ച്-17	17X500=8500	8500		
ആകെ	102500	102500		

(1-4-24 മുതൽ 31-3-25നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവർ ഒഴികെ)

2. മെഡിസെപ്പ് പ്രീമിയം ഒടുക്ക് **(1-4-24മുതൽ 30-6-24-നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)**

ജീവനക്കാരുടെ എണ്ണം	സർവ്വീസിൽ പ്രവേശിച്ച മാസം	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (7/22മുതൽ അല്ലെങ്കിൽ 7/23 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
ബാധകമല്ല					

3.മെഡിസെപ്പ് പ്രീമിയം ഒടുക്ക്**(1/7/24മുതൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)**

ജീവനക്കാരുടെ എണ്ണം	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക(7/22 മുതലുള്ള കുടിശ്ശിക	മെഡിസെപ്പ് പ്രീമിയം	ഒടുക്കാൻ ബാക്കി	റിമാർക്സ്

	ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതുൾപ്പെടെ)	ഇനത്തിൽ ഒടുക്കിയ തുക	നിൽക്കുന്ന തുക	
ബാധകമല്ല				

4.മെഡിസെപ്പ് പ്രീമിയം ഒടുക്ക് **(1/8/24 മുതൽ 31/3/25 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)**

ജീവനക്കാരുടെ എണ്ണം	സർവ്വീസിൽ പ്രവേശിച്ച മാസം	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (7/22 മുതൽ അല്ലെങ്കിൽ 7/2024 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
1	ആഗസ്റ്റ് 2024	2500	2500	ഇല്ല	

4-2 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/തീയതി
2024-25	15.12.2025 മുതൽ 16.12.2025 വരെ	കെ.എസ്.എ.കെ.എൽ.എം.പി3/2424/25 തീയതി 12.01.2026

4-3 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക (₹)	പ്രോജക്ടിന്റെ പേര്	ചെലവ് (₹)	ബാലൻസ്
ബ്ലോക്ക് പഞ്ചായത്ത്	2024-25	2,50,000/-	ലൈഫ് ഭവന നിർമാണം (പ്രോജക്ട് നം.127/25)	2,50,000/-	-
		2,50,000/-	അന്നപൂരക പോഷകാഹാരം (പ്രോജക്ട് നം.19/25)	2,50,000/-	-
		5,00,000/-	ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് (പ്രോജക്ട് നം.22/25)	5,00,000/-	-
		163797/-	വയോജനങ്ങളുടെ പകൽവീട് (പ്രോജക്ട് നം.33/25)	163797/-	-
		49,626/-	പാലിന് സബ്സിഡി (പ്രോജക്ട് നം.28/25)	49,626/-	
		3,32,971/-	ബഡ്സ് സ്കൂൾ (പ്രോജക്ട് നം.51/25)	3,32,971/-	
ജില്ലാ പഞ്ചായത്ത്	2024-25	1,50,000/-	ലൈഫ് ഭവന നിർമാണം എസ് സി പി (പ്രോജക്ട് നം.140/25)	1,50,000/-	-
		2,25,000/-	ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് (പ്രോജക്ട് നം.22/25)	2,25,000/-	
		2,78,452/-	പാലിന് സബ്സിഡി എസ്.സി.പി (പ്രോജക്ട് നം.28/25)	2,78,452/-	-

4-4 നിക്ഷേപപ്രവൃത്തിക്കു നൽകിയ തുകയുടെ വിവരങ്ങൾ

ഏജൻസി	പ്രവൃത്തിയുടെ പേര്	വൗച്ചർ നമ്പർ/ ചെക്ക് നം.	മുൻകൂർ നൽകിയ തുക (₹)	ചെലവഴിച്ച തുക (₹)	ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹)
കേരള സംസ്ഥാന വൈദ്യുത ബോർഡ്	258/25-ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ	42401558	34040/-	34040/-	0
കേരള വാട്ടർ അതോറിറ്റി	291/25- സ്ട്രീറ്റ് ടാപ്പ് വിച്ഛേദിക്കൽ	42401559	96680/-	96680/-	0

4-5 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-6 വായ്പ / വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 3973214 /-രൂപ വരവുണ്ട്. മുൻ ബാക്കി 4330000/- രൂപ ഉൾപ്പടെ 8303214/- രൂപയിൽ 7560000/- രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/ തിയ്യതി	വായ്പ തുക (₹)	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (₹)	തൻവർഷം തിരിച്ചടച്ച തുക(₹)		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (₹)
				മുതൽ	പലിശ	
ലൈഫ് ഭവന പദ്ധതി	-	3973214/-	54484613/-	5307881/-		53149946/-

4-7 സ്ഥിര നിക്ഷേപം

ഇല്ല

4-8 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 10410/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

റിപ്പോർട്ട് വർഷം	ഭാഗം/ഖണ്ഡിക	ഈടാക്കിയ തുക(രൂപ)	ഒടുക്കിയ ആളുടെ പേരും/ഉദ്യോഗപ്പേരും	രസീത് നമ്പർ/തീയതി
2022-23	1-15	200/-	രാധകൃഷ്ണ പിള്ള ഹോളോബ്രിക്സ് യൂണിറ്റ് മോട്ടോർഫീസ്	1240800164/15.05.2024
2022-23	1-15	100/-	പ്രിയകുമാരി,പവിത്രം ചപ്പാത്തി യൂണിറ്റ്	1240800167/15.05.2024
2022-23	1-15	300 /-	താജുദ്ദീൻ	1240800184/1605.2024
2022-23	1-15	100/-	രവീന്ദ്രൻ	1240800244/22.05.2024
2022-23	3-1	5280/-	പ്രസന്നകുമാരി	1240801058/23.09.2024
2007-08	3-1	1680/-	മുഹമ്മദ് ബഷീർ	1240801169/04.10.2024
2007-08	3-16	250/-	മുഹമ്മദ് ബഷീർ	1240801170/04.10.2024
2023-24	1-13	2500/-	ഗാന്ധിമതി,സ്ഥാപന തൊഴിൽ നികുതി	124083364/25.02.2025
	ആകെ	10410/-		

4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിവരം താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ

2014-15	2-2	2016-17	അനുബന്ധം 4	തൊഴിൽ നികുതി ഈടാക്കിയില്ല	17.05.2025 ന് പരാമർശത്തിന് മേൽ വിശദീകരണ പത്രിക സമർപ്പിച്ചിട്ടുണ്ട്.
2014-15	2-3	2016-17	അനുബന്ധം 4	മിനി ത്രിവേണി സൂപ്പർമാർക്കറ്റിൽ നിന്നും വാടക, തൊഴിൽ നികുതി എന്നിവ ഈടാക്കിയില്ല.	17.05.2025 ന് പരാമർശത്തിന് മേൽ വിശദീകരണ പത്രിക സമർപ്പിച്ചിട്ടുണ്ട്.
2014-15	2-4	2016-17	അനുബന്ധം 4	സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല	17.05.2025 ന് പരാമർശത്തിന് മേൽ വിശദീകരണ പത്രിക സമർപ്പിച്ചിട്ടുണ്ട്.

4-10 ചാർജ് /സർചാർജ് നടപടികളുടെ വിവരം

എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-11 ഓഡിറ്റ് പ്രത്യവലോകനം

എ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും/ ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	
	ഇല്ല	ഇല്ല	

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക (രൂപ)	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-18	12750/-	ശ്രീമതി ലീനാകുമാരി കെ.ജി,സെക്രട്ടറി
1-20	400000/-	ശ്രീമതി ലീനാകുമാരി കെ.ജി,സെക്രട്ടറി
1-22	63050/-	ശ്രീമതി ലീനാകുമാരി കെ.ജി,സെക്രട്ടറി
1-24	70,000/-	ശ്രീമതി.ഉമാകുമാരി അമ്മ ആർ., ഹെഡ്മിസ്ട്രസ്സ്
ആകെ	545,800/-	

ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ(ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീമതി ലീനാകുമാരി കെ.ജി, സെക്രട്ടറി	സെക്രട്ടറി, ഇട്ടിവ ഗ്രാമപഞ്ചായത്ത്	പ്ലാവിള പുത്തൻ വീട്, എഴിയം പി.ഒ, അഞ്ചൽ,691306 ഫോൺ നം.9496041833
ശ്രീമതി.ഉമാകുമാരി അമ്മ ആർ., ഹെഡ്മിസ്ട്രസ്സ്	ഹെഡ്മിസ്ട്രസ്സ്, ഗവ. യു.പി സ്കൂൾ ചരിപറമ്പ്	പ്ലാവിള വീട്, ചെറുകുളം പി.ഒ, ചുണ്ട, 691306 ഫോൺ നം. 9562882186

4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് റിപ്പോർട്ട് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
1997-98	കെ.എസ്.എ/കെ.എൽ.എം-പി-3 427 (1)/18/22-03-2018	2
1998-99	കെ.എസ്.എ/കെ.എൽ.എം-പി-3 427/(2)/02-03-2018	7
1999-00 2000-01 2001-02	കെ.എസ്.എ/കെ.എൽ.എം-പി-3 427/(3)/18/22-03-2018	49
2002-03	കെ.എസ്.എ/കെ.എൽ.എം-പി-3 427/(4)/18/22-03-2018	5
2003-04	കെ.എസ്.എ/കെ.എൽ.എം-പി-3 427/(5)/18/23-03-2018	24
2004-05	കെ.എസ്.എ/കെ.എൽ.എം-പി-3 427/(6)/18/23-03-2018	30
2005-06	കെ.എസ്.എ/കെ.എൽ.എം-പി-3 427/(7)/18/23-03-2018	24
2006-07	കെ.എസ്.എ/കെ.എൽ.എം-പി-3 791/19/10-06-2019	20
2007-08	എൽ.എഫ്.കൃപി-4/662/2010/28-12-2011	22
2008-09	എൽ.എഫ്.കൃപി-4/1405/2012/22-12-2012	24
2009-10 & 2010-11	എൽ.എഫ്.കൃപി-4/1358/2012/13-08-13	17
2011-12	കെ.എസ്.എ/കെ.എൽ.എം-പി-3 അദാലത്ത് 2011-12/133/22/ 23-08-2022	5
2012-13 & 2013-14	കെ.എസ്.എ/കെ.എൽ.എം-പി-3 അദാലത്ത് 2012-13&2013-14/ 133/22/23-08-2022	7
2014-15	കെ.എസ്.എ/കെ.എൽ.എം-പി-3 അദാലത്ത് 20114-15/133/22/ 23-08-2022	14
2015-16	കെ.എസ്.എ/കെ.എൽ.എം-പി-3 അദാലത്ത് 2015-16/133/22/ 23-08-2022	9
2016-17	കെ.എസ്.എ/കെ.എൽ.എം-പി-5/1121/2017/31-01-2018	13
2017-18	കെ.എസ്.എ/കെ.എൽ.എം-പി-3/300/2019/25-09-2019	19
2018-19	കെ.എസ്.എ/കെ.എൽ.എം-പി-3 -1313/19/3-6-2020	4
2019-20	കെ.എസ്.എ/കെ.എൽ.എം-പി-3 /1140/21 / 10-03-2022	എല്ലാ ഖണ്ഡികകളും
2020-21	കെ.എസ്.എ/കെ.എൽ.എം-പി-3 /1553/21 / 10-03-2022	എല്ലാ ഖണ്ഡികകളും
2021-22	കെ.എസ്.എ/കെ.എൽ.എം-പി-3 /37/23/ 29-03-2023	എല്ലാ ഖണ്ഡികകളും

2022-23	കെ.എസ്.എ/കെ.എൽ.എം-പി-3 /1957/23/ 05-12-2023	എല്ലാ ഖണ്ഡികകളും
2023-24	കെ.എസ്.എ/കെ.എൽ.എം-പി12/2274/24തീയതി 23.12.2024	എല്ലാ ഖണ്ഡികകളും

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 1 dated 04-07-2025 and submitted on 19-07-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Ittiva Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Ittiva Grama Panchayat as on 31-03-2025

Date: 12/01/2026

Deputy Director

Kerala State Audit Department

Audit Report appended to the Audit Certificate of Ittiva Grama Panchayat for the Year 2024-2025.

1.Major Observations

Nil

2.Other Observations

1.Net increase in cash and cash equivalence does not match with net cash generated by operating,investing and financing activity.

2.Notes on accounts ,Basic ratios were not attached along with AFS

3.Capital Work in progress amount in AFS does not match with the part bill amount of current year.

4.There is no provision in B-9 shedule for honararium,sitting fees for elected members and the salaries for temparary employees.

5.The OB,Receipt,Payment and CB of deposit received were not in agreement.

6.An outstanding amount of Rs 173944/-deposited in KSEB to be adjusted

7.There is no provision in B-15(a) for amount to be received.

8.Closing balance of Other Liability does not match with current B9 amount

9.Amount of head code 310900101(Excess of income over Expenditure) as per Trial balance and Balance sheet were not in agreement.

10.The EFMS receipt 9,14,72,000/-of MGNREGS was not included in I-14(C) Schedule

11.The expenditure of General purpose fund as per I-6 Shedule and ACR were not in agreement.
12.Prepaid Programme Expense as per B-16 Shedule and Secured Loan as per B-5 Shedule were not in agreement.
13.CFC Treasury amount 20,04,332/-lapsed due to lack of project implimentation

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ ഇട്ടിവ ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധ പത്രികകൾ

1	റസീപ്റ്റ്&പേയ്മെന്റ് സ്റ്റേറ്റ് മെന്റ്	സംഷിപ്തം(Audited Abstract)
2	ഇൻകം&എക്സ്പെൻഡീച്ചർ സ്റ്റേറ്റ് മെന്റ്	
3	ബാലൻസ് ഷീറ്റ്	

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്